പ്രഥമ വ്യാകരണം

★

ഏ. ആർ. രാജരാജവർമ്മ

★

T55
R14

കമലാലയാ ബുക്കഡിപ്പോ
KAMALALAYA BOOK DEPOT
തിരുവനന്തപുരം

പ്രഥമവ്യാകരണം

(പ്രാഥമികപാഠശാലകളിലെ ഉപയോഗത്തിനുള്ളതു്)

DHARMARAM COLLEGE LIBRARY
23343
BANGALORE.
T 55
R 14

പ്രൊഫ്സർ

ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ

എം. എ., എം. ആർ. ഏ. എസ്.

KAMALALAYA BOOK DEPOT
NATIONAL BOOK STALL KOTTAYAM BR.
BPCS LTD.

കമലാലയാ ബുക്ക് ഡിപ്പോ

തിരുവനന്തപുരം–1.

പകർപ്പവകാശം]

[വില ~~50 നയാ~~

KAMALALAYA BOOK DEPOT
POST BOX 18



PRADHAMA VYAKARANAM

Author

A. R. RAJA RAJA VARMA

Publishers

Kamalalaya Book Depot

Trivandrum-1.

PRINTERS

Kamalalaya Printing Works

Trivandrum-1.

Reprint October 1962

Price 50 nP

മുഖവുര

കേരളപാണിനീയത്തിൽ പ്രതിപാദിച്ചിട്ടുള്ള വ്യാകരണതത്വങ്ങളേ, അനേക വിഷയങ്ങൾ ഒരേ കാലത്തിൽ വായിച്ചു ഗ്രഹിക്കേണ്ടുന്നതിൽ കഴങ്ങുന്ന ഇദാനീന്തനവിദ്യാർത്ഥികൾക്കു സുഗ്രഹമാകുന്ന ഒരു മട്ടിൽ എഴുതി ഒരു പാഠ്യപുസ്തകം ചമയ്ക്കണമെന്നുള്ള ആവശ്യം നേരിട്ടപ്പോഴാണു് "ശബ്ദശോധിനി" ഞാൻ എഴുതിയതു്. അതു് ഹൈസ്കൂൾക്ലാസുകളുടെ ഉപയോഗത്തിനേ മതിയായുള്ളൂ. അതിൽ താഴ്ന്ന ക്ലാസ്സുകൾക്കു വേണ്ടിയും ഞാൻ തന്നെ പുസ്തകമെഴുതുന്നതായാൽ എല്ലാത്തരത്തിലുള്ള വ്യാകരണപുസ്തകങ്ങൾക്കും ഐകരൂപ്യമധികമുണ്ടായിരിക്കുമെന്നു് ഒരു അഭിപ്രായം വിദ്യാഭ്യാസമേലദ്ധ്യക്ഷൻതന്നെ എന്നോടു പ്രസംഗിക്കയാലാണു് വീണ്ടും വ്യാകരണഗ്രന്ഥനിർമ്മാണം ഞാൻ ആരംഭിക്കുന്നതു്. ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകം ആരംഭക്ലാസ്സുകളിലേയ്ക്കു് ഉദ്ദേശിക്കപ്പെട്ടതാകയാൽ ഇതിനു് "പ്രഥമവ്യാകരണം" എന്നു പേർ ചെയ്തിരിക്കുന്നു. ഇതിനുപരി ശബ്ദശോധിനിക്കു താഴെ ആയി "മധ്യമവ്യാകരണം" എന്നൊരു പുസ്തകവും തയ്യാറായി വരുന്നുണ്ടു്. ഇപ്പുസ്തകം രണ്ടും തിരുവിതാംകൂർ പള്ളിക്കൂടങ്ങളിലെ പാഠവിവരപ്പട്ടികയിൽ കൊടുത്തിട്ടുള്ള പാഠക്രമത്തിനു് കഴിയുന്നതും യോജിച്ചു ചമയ്ക്കപ്പെട്ടിട്ടുള്ള—

തുമാകുന്നു. വിഷയത്തിൽത്തന്നെ ചില ഭാഗങ്ങളിൽ ന്യൂനതകൾ വന്നിട്ടുള്ളതായി പിന്നീട് തോന്നിയതും ഇപ്പുസ്തകത്തിൽ പരിശോധിച്ചിട്ടുണ്ട്.

തിരുവനന്തപുരം,
1180 മകരം 9-൦൦൯ } A. R. Raja Raja Varma.

കമലാലയത്തിൽ

എ. ആർ ന്റെ മറ്റു പുസ്തകങ്ങൾ

		രൂ.	ന.	പൈ
1.	ശബ്ദശോധിനി	2	50	
2	ഭാഷാഭൂഷണം	2	50	
3.	വൃത്തമഞ്ജരി	1	50	
4.	മലയാള ശാകുന്തളം	2	50	
5.	സഭപ്പനവാസവദത്തം	1	50	
6.	മേഘദൂത്	1	25	
7.	പ്രബന്ധസംഗ്രഹം	2	00	
8.	നളചരിതം മൂന്നും നാലും ഭാഗങ്ങൾ	2	00	
9.	ആംഗ്ലസാമ്രാജ്യം			

പ്രഥമവ്യാകരണം

അദ്ധ്യായം 1

വാക്യം

1. നാം നമ്മുടെ ഉള്ളിലുള്ള വിചാരങ്ങളെ മറ്റുള്ളവരെ പറഞ്ഞറിയിക്കുന്നതു് ഭാഷ—

ഭാഷ. കൊണ്ടാകുന്നു. നമ്മുടെ ഭാഷ മലയാളമാ—കുന്നു.

2. പ്രായംചെന്നവർ സംസാരിക്കുന്നതു കേട്ടു് ആ വഴി പിടിച്ചിട്ടാണല്ലോ ശിശുക്കൾ സംസാരിച്ചു ശീലിക്കുന്നതു്. ഇപ്രകാരം ശീലിക്കുന്ന ഒരു ശിശുവിനു് 'പോകുന്നു', 'പോയി' എന്നീ വാക്കുകളുടെ പ്രയോഗം കേട്ടു് പരിചയമുണ്ടെന്നിരിക്കട്ടെ. അതായതു് 'പോ—കുന്നു' എന്നതിന്റെ ഭൂതാർത്ഥത്തിൽ പ്രയോഗിക്കേണ്ട രൂപം 'പോയി' എന്നതാണെന്നു് അതിനു് അറിയാ—മെന്നു വച്ചുകൊള്ളാം. ഈ സന്ദർഭത്തിൽ ആ ശിശു—വിനു 'വേകുന്നു' എന്നതിന്റെ ഭൂതരൂപം പ്രയോഗി—ക്കേണ്ടി വന്നാൽ മുൻ സിദ്ധിച്ചിട്ടുള്ള പരിചയം വച്ചു—കൊണ്ടു് അതു് 'വേകി' എന്നോ, 'വേവി' എന്നോ പ്രയോഗിപ്പാനല്ലാതെ തരമില്ല. അതിനു കൂടുതൽ പ്രായവും അറിവും ഉള്ള നിങ്ങളിൽ ആരെങ്കിലും കേൾ—

വ്യാകരണം പ്പാനിടയായാൽ നിങ്ങൾക്കു് ഒരുവേള ചിരി വരുന്നതും, 'വേകി' എന്നു പറഞ്ഞുകൂടാ, 'വെന്തു' എന്നു വേണം പറവാൻ എന്നു പറഞ്ഞു് നി—

ങ്ങളും നിശ്ചയമായി അതിനെ തിരുത്തുന്നതുമാകുന്നു. ഇതു പോലുള്ള മറ്റു തെറ്റുകളും നിങ്ങൾക്കും വരാവുന്നതാണു്. അപ്രകാരം വരാതിരിക്കണമെങ്കിൽ, "ഇന്ന രൂപം തെറ്റാകുന്നു, ഇന്ന രൂപമാണു ശരിയായിട്ടുള്ളതു്" എന്നും മറ്റും നിയമങ്ങളും ഉണ്ടായിരിക്കണം. ആ നിയമങ്ങളെ നിങ്ങൾ ഗ്രഹിച്ചിരിക്കയും വേണം. ഇപ്രകാരമുള്ള നിയമങ്ങളെ ചെയ്യുന്ന ഗ്രന്ഥത്തെ 'വ്യാകരണം' എന്നു പറയുന്നു. മേല്പറഞ്ഞ കാരണങ്ങളാൽ വ്യാകരണം പഠിക്കേണ്ടതു് ആവശ്യമെന്നും വന്നുകൂടുന്നു.

3. ഭാഷയുടെ പ്രധാനമായ അംഗം 'വാക്യം' ആകുന്നു. നാം സാധാരണയായി സംസാരിക്കുന്നതു വാക്യങ്ങളാണു മൂലമാണു്.

ഉദാ—. 1. രാമൻ കളിക്കുന്നു.
2. പശുക്കൾ മേയുന്നു.
3. ഗോവിന്ദൻ അമ്പലത്തിൽ പോകുന്നു.

ഈ ഉദാഹരണങ്ങളിൽ 'രാമൻ' 'പശുക്കൾ' 'ഗോവിന്ദൻ' എന്നീ വാക്കുകളും മാത്രം ഉണ്ടായിരുന്നുവെങ്കിൽ അവ ഏതോ ചില പേരുകളാണെന്നു മാത്രമല്ലാതെ ഒരു പൂർണ്ണമായ വിചാരം തോന്നിക്കയില്ല. രാമനും, പശുക്കളും, ഗോവിന്ദനും എന്തു ചെയ്യുന്നു എന്നു കാണിക്കുന്ന 'കളിക്കുന്നു', 'മേയുന്നു', 'അമ്പലത്തിൽ പോകുന്നു' എന്ന വാക്കുകളും കൂടി ക്രമത്തിനു് അവയോടു ചേരുമ്പോഴേ അർത്ഥം തികവാകുന്നുള്ളു. അതുപോലെ തന്നെ 'കളിക്കുന്നു', 'മേയുന്നു', 'അമ്പലത്തിൽ പോകുന്നു' എന്നിതുകളും മാത്രം കേട്ടാലും ഒരു പൂർണ്ണമായ അർത്ഥം തോന്നുന്നതല്ല. ആരു കളിക്കുന്നു? എന്തു മേയുന്നു? അമ്പലത്തിൽ പോകുന്നതാരാണു്? എന്നുകൂടി പറഞ്ഞു കേട്ടാലേ ഒരർത്ഥം തികഞ്ഞതായി തോന്നുകയും നമുക്കു

തുപ്തിയാവുകയും ചെയ്യുന്നുള്ളൂ. ഈ രണ്ടു ഭാഗങ്ങളും ചേർന്ന് ഒരു പൂർണ്ണവിചാരത്തെപ്രകടിപ്പിക്കുന്നതിനാൽ മേൽ പറഞ്ഞ മൂന്ന് ഉദാഹരണങ്ങളും വാക്യങ്ങൾ ആകുന്നു.

4. ഒരു വാക്യത്തിന്റെ അംഗങ്ങൾ പദങ്ങൾ ആകുന്നു. മുൻ വകുപ്പിലെ ഉദാഹരണങ്ങളിൽ ഉള്ള 1. രാമൻ. 2. കളിക്കുന്നു. 3. പശുക്കൾ. 4. മേയുന്നു. 5. ഗോവിന്ദൻ. 6. അമ്പലത്തിൽ. 7. പോകുന്നു എന്ന വാക്കുകൾ 'പദങ്ങൾ' ആകുന്നു. വാക്യങ്ങളിൽ പ്രയോഗിക്കത്തക്കവണ്ണം ഒരുക്കപ്പെട്ട ശബ്ദങ്ങളെ ആകുന്നു പദങ്ങൾ എന്നു പറയുന്നത്.

പദങ്ങൾക്കും അർത്ഥമില്ലാതില്ല. 'രാമൻ' എന്നു കേൾക്കുമ്പോൾ അത് ഒരാളിനെ കുറിക്കുന്നു എന്നും, അയാൾ പുരുഷനാണെന്നും മറ്റും മനസ്സിൽ തോന്നുന്നുണ്ട്. അതുപോലെ തന്നെ 'കളി'ക്കുന്നു എന്നു കേൾക്കുമ്പോൾ വെള്ളത്തിന്റേയും ഒരാൾ അതിലിറങ്ങി, മുങ്ങുന്നതിന്റേയും ചായ മനസ്സിനു മുമ്പിൽ കാണുന്നു. പദങ്ങൾക്ക് ഇപ്രകാരം തനിച്ചു നിൽക്കുമ്പോൾ ഒരുവിധം അർത്ഥമുണ്ട്. എങ്കിലും വേണ്ടുംവണ്ണം ചേർത്താൽ മാത്രമേ അവ പൂർണ്ണമായ ഒരു വിചാരത്തെ തോന്നിക്കയുള്ളൂ.

അക്ഷരം. 5. പദങ്ങൾ അക്ഷരങ്ങൾ കൊണ്ടും അക്ഷരങ്ങൾ വർണ്ണം. വർണ്ണങ്ങൾ കൊണ്ടും ഉണ്ടാകുന്നു.

ഉദാ. ക, ഖ, ശി, ക്ഷ, മു, പൊ,—ഇവ അക്ഷരങ്ങളാകുന്നു.
അ, ഇ, ഈ, ഒ, ഔ, ക്°, ഗ്°, ച്°, ൻ; ൺ; ർ, ൽ, മ്°
(ം) ം—ഇവ വർണ്ണങ്ങൾ ആകുന്നു.

ഒരക്ഷരത്തിൽ പ്രായേണ ഒന്നിലധികം വർണ്ണങ്ങൾ ചേർന്നിരിക്കും.

ഉദാ— ക=ക്°+അ; ഗി=ഗ്°+ഇ; മു=മ്°+ഉ; തെ=ത്°+എ.

6. വാക്യങ്ങളും ഒരു പൂർണ്ണവിചാരത്തെ പുറപ്പെടുവിക്കുന്നു എന്നും, അവ പദങ്ങളും ചേർന്നുണ്ടാകുന്നു എന്നും നാം കണ്ടുവല്ലോ. ഇനി ഇതെങ്ങനെയാണെന്നു് ഒന്നു വിസ്തരിച്ചു പരിശോധിക്കാം.

ഒരു വാക്യത്തിൽ പ്രധാനമായി രണ്ടു ഭാഗങ്ങളും ഉണ്ടെന്നു്

1. രാമൻ കളിക്കുന്നു.
2. പശുക്കളും മേയുന്നു.
3. ഗോവിന്ദൻ അമ്പലത്തിൽ പോകുന്നു.

ഈ വാക്യങ്ങളും ഓരോന്നിലും ഒരു സംഗതി നടക്കുന്നതായി പറയപ്പെട്ടിരിക്കുന്നു. ഈ സംഗതി ഒന്നാമത്തെ ഉദാഹരണത്തിൽ 'കളിക്കുക' എന്നതും, രണ്ടാമത്തേതിൽ 'മേയുക' എന്നതും, ഒടുവിലത്തേതിൽ 'അമ്പലത്തിൽപോവുക' എന്നതും ആകുന്നു. ഇതുക്കൂടാതെ ആ സംഗതി നടത്തുന്നതു് ആരാണു്? അല്ലെങ്കിൽ എന്താണു്? എന്നുള്ളതും ഓരോ വാക്യത്തിലും പറയപ്പെട്ടിട്ടുണ്ടു്.

'കളിക്കുന്നതു്'—ആരാകുന്നു?—രാമൻ.

'മേയുന്നതു്'—എന്താകുന്നു?—പശുക്കളും.

'അമ്പലത്തിൽ പോകുന്നതു്?'—ആരാകുന്നു?—ഗോവിന്ദൻ.

ഈ വസ്തുതയെത്തന്നെ വേറൊരു പ്രകാരത്തിലും പറയാവുന്നതാണു്. ഒന്നാമതു്, ഓരോ വാക്യത്താലും വല്ലതും പറയപ്പെട്ടിരിക്കുന്നതു്? ആരെ? അല്ലെങ്കിൽ എന്തിനെ? പറഞ്ഞിരിയാണു് എന്നു നോക്കുക. ആദ്യത്തെ വാക്യത്തിൽ 'രാമനെ'പ്പറ്റിയും, രണ്ടാമത്തേതിൽ 'പശുക്കളെ'പ്പറ്റിയും, മൂന്നാമത്തേതിൽ 'ഗോവിന്ദനെ'പ്പറ്റിയും ആകുന്നു. രണ്ടാമതു് ആ പറയപ്പെട്ടിരിക്കുന്നതു്

എന്താകുന്നു. രാമനെപ്പറ്റി അയാൾ 'കളിക്കുന്നു' എന്നും, പശുക്കളെപ്പറ്റി അവ 'മേയുന്നു' എന്നും ഗോവിന്ദനെപ്പറ്റി അവൻ 'അമ്പലത്തിൽ പോകുന്നു' എന്നും അതാകുന്നു.

ഇപ്രകാരം നാം പറയുന്നതു് "ആരെ അല്ലെങ്കിൽ എന്തിനെപ്പറ്റി" ആണെന്നും, "അതു പറയുന്നതു് എന്താണെന്നും" കാണിക്കുന്ന രണ്ടുവക പദങ്ങളും ഒന്നിച്ചു ചേരുമ്പോൾ ആണു് വാക്യങ്ങൾ ഉണ്ടാകുന്നതു്.

7. നാം ആരെ അല്ലെങ്കിൽ എന്തിനെപ്പറ്റി ആഖ്യ പറയുന്നു എന്നു കാണിക്കുന്ന പദങ്ങളെ ആഖ്യ ആഖ്യാതം. എന്നും പറയുന്നതെന്താണു് എന്നു കാണിക്കുന്ന പദങ്ങളെ ആഖ്യാതം എന്നും പറയുന്നു.

മേല്പറഞ്ഞ വാക്യങ്ങളിൽ രാമൻ, പശുക്കൾ, ഗോവിന്ദൻ ഇവ ആഖ്യകളും കളിക്കുന്നു, മേയുന്നു, അമ്പലത്തിൽ പോകുന്നു എന്നിവ ആഖ്യാതങ്ങളും ആകുന്നു.

ഇവിടെ ഉദാഹരണമായി കൊടുത്തിട്ടുള്ള വാക്യങ്ങൾ അത്യാവശ്യം വേണ്ട പദങ്ങൾ മാത്രം ചേർന്നുണ്ടായിട്ടുള്ള ഏറ്റവും ചെറുതരം വാക്യങ്ങൾ ആണു്.

8. വല്ല പദങ്ങളേയും വല്ലപ്രകാരത്തിലും ചേർത്താൽ വാക്യങ്ങൾ ആകയില്ല:—

ഉദാ.-	1.	ബ്രഹ്മദേവൻ	സൃഷ്ടികർത്താവു്
	2.	ആന	തടി
	3.	കഞ്ഞി	കുടിച്ചു

ഒന്നാമത്തെ ഉദാഹരണങ്ങളിൽ 'ബ്രഹ്മദേവൻ', 'സൃഷ്ടികർത്താവു്' എന്നീ പദങ്ങൾ തമ്മിലുള്ള സംബന്ധം കുറിക്കുന്നതിനു വേണ്ടുന്ന ആഖ്യാതരൂപമായ പദം കാണുന്നില്ല. 'ആകുന്നു' എന്ന പദം കൂട്ടിച്ചേർത്തു് 'ബ്രഹ്മ-

ദേവൻ 'സൃഷ്ടികർത്താവാകുന്നു' എന്നു പറയുമ്പോൾ അതു് ഒരു വാക്യമാകുന്നു; അതായതു് അപ്പോൾ ഒരു വിചാരം പൂർണ്ണമാക്കി പറയപ്പെടുന്നു. രണ്ടാമത്തെ ഉദാഹരണത്തിൽ 'വലുക്കുന്നു' എന്ന ആഖ്യാതരൂപമായ പദം ചേർക്കുമ്പോൾ എല്ലാം ചേർന്നു് 'ആന തടി വലുക്കുന്നു' എന്ന പൂർണ്ണവാക്യം ഉണ്ടാകുന്നു. മൂന്നാമത്തെ ഉദാഹരണത്തിൽ നടന്ന സംഗതി ഇന്നതെന്നു കാണിക്കുന്ന ആഖ്യാതരൂപമായ 'കഞ്ഞി കുടിച്ചു' എന്ന പദങ്ങളും ഉണ്ടു്. എന്നാൽ കഞ്ഞി കുടിച്ചതു്, ആരെന്നു കാണിക്കുന്ന ആഖ്യാപദം കാണുന്നില്ല. ആകയാൽ 'രാമൻ' എന്നോ, 'കുട്ടി' എന്നോ, 'അനുജൻ' എന്നോ വല്ല ആഖ്യാപദവും 'കഞ്ഞി കുടിച്ചു' എന്നതിനു മുൻപിൽ ചേർത്താൽ ഒരു വാക്യം ഉണ്ടാകും.

അഭ്യാസം 1.

താഴെ കാണിക്കുന്നവയിൽ ഏതെല്ലാം വാക്യങ്ങളെന്നും, ഏതെല്ലാം വാക്യങ്ങളല്ലാത്തുള്ള പദക്കൂട്ടങ്ങളെന്നും പറക:—

1. കുട്ടി കളിക്കുന്നു. 2. പക്ഷികൾ ചിലയ്ക്കുന്നു. 3. പൂച്ച കരയുന്നു. 4. മണ്ണെണ്ണവിളക്കു്. 5. തിരി കത്തുന്നു. 6. ഇലകൾ പറക്കുന്നു. 7. കാറ്റു വീശുന്നു. 8. അപ്പം കരിഞ്ഞു. 9. പാത്രം ഉടഞ്ഞു. 10. നെല്ലു് ഉണങ്ങി. 11. മഷി തുകി. 12. മഴ പെയ്യു. 13. ആന തടി. 14. പട്ടി ഓടി. 15. നിലം കൊയ്തു. 16. കുട്ടി വീണു. 17. പശു പെറു. 18. കിടാവു് ചത്തു. 19. കുഞ്ഞു തൊട്ടി. 20. പാത്രം പാൽ. 21. അച്ഛൻ വന്നു. 22. അമ്മ വിളിക്കുന്നു. 23. ഓടിച്ചെന്നു. 24. പിള്ളാത്തി ഉറ. 25 അനുജൻ ഉറങ്ങി. 26. മാങ്ങാപഴുത്തു.

27. ഉണങ്ങിക്കരിഞ്ഞു. 28. വാഴ ഒടിഞ്ഞു. 29. വാടിവീണു. 30. വെള്ളരി കായ്ച്ചു. 31. വിത്തുകുലി. 32. മുല്ല പൂത്തു. 33. രാമൻ ഇന്നു വരും. 34. ജ്യേഷ്ഠൻ അകത്തില്ല. 35. പശുവിൻകുന്നു്. 36. ആരുവാമൊഴിപ്പാത. 37. ജാനകിപാടുന്നു. 38. ദേവകി പഠിക്കുന്നു. 39. കൃഷ്ണൻ മോഷ്ടിച്ചു. 40. പനി അകറ്റുന്നു.

അഭ്യാസം 2.

താഴെക്കാണുന്ന വാക്യങ്ങളിലെ ആഖ്യകളേയും ആഖ്യാതങ്ങളേയും വേർതിരിച്ചെഴുതുക:—

1. നദികൾ ഒഴുകുന്നു. 2. ചെടികൾ വളരുന്നു. 3. മാവു പൂക്കുന്നു. 4. അമര കായ്ക്കുന്നു. 5. കുട്ടി കരയുന്നു. 6. ആട്ടു മേയുന്നു. 7. കസാല ഒടിഞ്ഞു. 8. പാലു തിളച്ചു. 9. മോരു പുളിച്ചു. 10. പട്ടി കുരയ്ക്കുന്നു. 11. സൂര്യൻ അസ്തമിച്ചു. 12. ചന്ദ്രൻ ഉദിച്ചു. 13. മുല്ലപ്പൂ വിടർന്നു. 14. പഞ്ചസാര മധുരിക്കും. 15. മുളകു് എരിയും. 16. പാവയ്ക്കാ കയ്ക്കും. 17. നക്ഷത്രങ്ങൾ മിന്നുന്നു. 18. പഞ്ഞി പറക്കുന്നു. 19. രാമൻ പുളി പറിക്കുന്നു. 20. പുലയർ കൊയ്യുന്നു. 21. വെള്ളം തിളച്ചില്ല. 22. അരി വെന്തില്ല. 23. രാമനു് ഉണ്ണണം. 24. എനിക്കുറങ്ങണം. 25. കൃഷ്ണൻ ധനികനാകുന്നു. 26. ഗോവിന്ദൻ വിറകു കീറി. 27. തട്ടാൻ പൊന്നു പണിയുന്നു. 28. കുട്ടപ്പൻ സ്ലേറ്റു പൊട്ടിച്ചു.

അഭ്യാസം 3.

താഴെ കൊടുത്തിട്ടുള്ള പദങ്ങളോടു് ആഖ്യ ചേർത്തു വാക്യങ്ങൾ ഉണ്ടാക്കുക:—

1...നിലവിളിക്കുന്നു. 2...നീന്തുന്നു. 3...പാഠം പഠിക്കുന്നു. 4...ഒഴുകുന്നു. 5...പറക്കുന്നു. 6...കുരയ്ക്കുന്നു.

7...ചാറുന്നു. 8...ഇഴഞ്ഞുപോകുന്നു. 9...ഓട്ടുന്നു. 10...ഉടഞ്ഞു. 11...കമന്നു. 12...തുകി. 13...എഴുന്നേറു. 14...ഉറങ്ങി. 15...ഉണ്ണാനിരുന്നു. 16...തിളച്ചു. 17...വെന്തു. 18...പാട്ടുന്നു. 19 : വീണവായിക്കുന്നു. 20...തല കുലുക്കുന്നു. 21...പല്ലു തേയ്ക്കുന്നു. 22...തേങ്ങാ പൊതിക്കുന്നു. 23...ഉരുണ്ടുവീണു. 24...പൂക്കുന്നു. 25...കായ്ക്കുന്നു. 26...വിടരുന്നു. 27...മണക്കുന്നു. 28...നാറുന്നു. 29...കത്തുന്നു. 30...ഘനക്കുന്നു. 31...ഉരുളുന്നു. 32. ഒലിക്കുന്നു. 33...മരപ്പണി ചെയ്യുന്നു. 34...കല്പണി ചെയ്യുന്നു. 35...പശുവിനേ തീറുന്നു. 36...വണ്ടി അടിക്കുന്നു. 37...തേങ്ങയാട്ടുന്നു. 38...വെള്ളം കോരുന്നു. 39...അരി വയ്ക്കുന്നു. 40...തടി വലിക്കുന്നു. 41...തടി അറുക്കുന്നു. 42...മണി അടിക്കുന്നു.

അഭ്യാസം 4.

ആഖ്യാതം ചേർത്തു പൂരിപ്പിക്കുക:—

1. രാമൻ... 2. കുട്ടി... 3. കല്യാണി... 4. കുട്ടപ്പൻ... 5. അമ്മ... 6. പക്ഷികൾ... 7. കുതിര... 8. ആന... 9. പൂച്ച... 10. പട്ടി... 11. പശുക്കൾ... 12. കോഴി... 13. കാറു്... 14. കൊള്ളിയാൻ... 15. ഇടി... 16. മഴ... 17 വെള്ളം... 18. മാമ്പഴം... 19. ഭരണി... 20. വിളക്കു്... 21. ദേവകി... 22. ഭാഗവതർ... 23. മദ്ദളക്കാരൻ... 24. കണ്ണുള്ളവർ... 25. ചെവിയുള്ളവർ... 26. മൂക്കുള്ളവർ... 27. സൂര്യൻ... 28. ചന്ദ്രൻ... 29. നക്ഷത്രങ്ങൾ... 30. മുളകു്... 31 പഞ്ചസാര... 31. ചുണ്ടങ്ങാ... 33. മാങ്ങാ...34. വാഴ... 35. മുല്ല... 36. വിത്തു്... 37. പയറു്... 38. അമര...

അദ്ധ്യായം രണ്ടു്.

നാമം, കൃതി.

8. ഒരു വാക്യത്തിന്റെ പ്രധാന ഭാഗങ്ങളും ആഖ്യ, ആഖ്യാതം ഈ രണ്ടും ആണെന്നു നാം കണ്ടുവല്ലോ. ഇനി എന്തുമാതിരി പദങ്ങളാണു സാധാരണമായി 'ആഖ്യയും' 'ആഖ്യാതവുമായി' നിൽക്കുന്നതെന്നു നോക്കാം. ഒന്നാമതു് ആഖ്യയെപ്പറ്റി ആവട്ടെ.

1, രാമൻ കളിച്ചു. 3. വെള്ളം ഒലിക്കുന്നു.

2. പശുക്കൾ മേയുന്നു. 4. ചെടികൾ കായ്ക്കും.

ഈ വാക്യങ്ങളിൽ ആഖ്യയായി നിൽക്കുന്ന പദങ്ങളും 'രാമൻ', 'പശുക്കൾ', 'വെള്ളം', 'ചെടികൾ' ഇവയാണല്ലോ. ഇവയിൽ—

രാമൻ എന്ന പദം ഒരാളിന്റെ പേർ ആകുന്നു.

പശുക്കൾ ,, ഒരു ജന്തുവിന്റെ ,,

നാമം. വെള്ളം ,, ഒരു വസ്തുവിന്റെ ,,

ചെടികൾ ,, കിളിർച്ചുവരുന്ന ചെറുതരം വസ്തുവിന്റെ ,,

ചുരുക്കത്തിൽ ഇവയെല്ലാം ഒന്നിന്റെ അല്ലെങ്കിൽ മറ്റൊന്നിന്റെ പേരുകൾ ആകുന്നു. ഇപ്രകാരം എന്തിന്റെ എങ്കിലും പേരുകളായുള്ള പദങ്ങളെ വ്യാകരണത്തിൽ 'നാമം' എന്നു പറയുന്നു. ആകയാൽ 'രാമൻ', 'പശുക്കൾ', 'വെള്ളം', 'ചെടികൾ' ഇവ നാമങ്ങൾ ആകുന്നു.

ഈ വാക്യങ്ങളിൽ മാത്രമല്ല, സാധാരണമായി മിക്ക വാക്യങ്ങളിലും ആഖ്യയായി നിൽക്കുന്ന പദം പ്രായേണ നാമം ആണെന്നു നിങ്ങൾക്കു ക്രമത്തിൽ ബോധപ്പെട്ടു.

9. ഇനി മേലെഴുതിയ വാക്യങ്ങളിലെ ആഖ്യാതങ്ങൾ എന്തുമാതിരി പദങ്ങൾ എന്നു നോക്കാം.

കളിച്ചു—ഇതു് 'കളിക്കുക' എന്ന ക്രിയ നടക്കുന്നതായി പറയുന്നു.

മേയുന്നു—ഇതു് 'മേയുക' എന്ന ക്രിയ നടക്കുന്നതായി പറയുന്നു.

ഒലിയ്ക്കുന്നു—ഇതു് 'ഒലിക്കുക' എന്ന ക്രിയ നടക്കുന്നതായി പറയുന്നു.

കായ്ക്കും—ഇതു 'കായ്ക്കുക' എന്ന ക്രിയ നടക്കുമെന്നു പറയുന്നു.

കൃതി. ചുരുക്കത്തിൽ ഇതിൽ ഓരോപദവും ഒരു ക്രിയയെ (പ്രവൃത്തിയെ) കുറിക്കുന്നു. ഇപ്രകാരം ക്രിയയെ കുറിക്കുന്ന ഓരോ പദത്തെയും വ്യാകരണത്തിൽ കൃതി എന്നു പറയുന്നു.

ആകയാൽ 'കളിച്ചു', 'മേയുന്നു', 'ഒലിക്കുന്നു,' 'കായ്ക്കും' എന്നീ പദങ്ങൾ കൃതികളാകുന്നു.

മുൻ അഭ്യാസങ്ങളിലേയും മറ്റും വാക്യങ്ങളിൽ 'ആഖ്യാതം' പ്രായേണ ഒറ്റപ്പദങ്ങളാകയാൽ ആയതു് ഓരോന്നും ഒരു 'കൃതി' ആണെന്നു പരിശോധിച്ചാൽ ബോധപ്പെടും.

അഭ്യാസം 5.

താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ ആളുകളുടെ പേരുകളായുള്ള നാമങ്ങളെ എടുത്തു പറക:—

1. ജാനകി വായിക്കുന്നു. 2. കൃഷ്ണൻ കളിക്കുന്നു. 3. കുമാരൻ ഉണ്ണുന്നു. 4. സുബ്രഹ്മണ്യൻ കരയുന്നു. 5. മത്തായി എഴുതുന്നു. 6. കേശവൻ ഉറങ്ങുന്നു. 7. ശങ്കരൻ പാടുന്നു. 8. ലക്ഷ്മി പഠിക്കുന്നു. 9. കുട്ടൻ നീന്തുന്നു.

10. ലക്ഷ്മണൻ ഓടുന്നു. 11. ഗോവിന്ദൻ കിടക്കുന്നു. 12. സാറാ തയ്യുന്നു, 12. ഗൌരി ചിരിക്കുന്നു. 14. പദ്മനാഭൻ സംസാരിക്കുന്നു. 15. കാളി മെഴുകുന്നു, 16. തോമ്മാ ഓടുന്നു. 17. ചാക്കോ ഉണ്ടില്ല. 18. തേവൻ കൊയ്യുന്നു. 19. കൊച്ചുകുഞ്ഞു മെതിക്കുന്നു. 20. രാഘവൻ വീഴുന്നു. 21. രാമവമ്മൻ എഴുന്നേറ്റു. 22 കേളുരു മുറുക്കുന്നു. 23. കേളൻ കിളക്കുന്നു. 24. രാമൻ വിളിക്കുന്നു. 25. കാത്ത്യായനി ഭയക്കുന്നു.

അഭ്യാസം 6.

താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിലെ സംബന്ധം കുറിക്കുന്ന നാമങ്ങളെ എടുത്തു പറക:—

1. അച്ഛൻ വരുന്നു. 2. അമ്മ വിളിക്കുന്നു. 3. അനുജത്തി ഉണ്ണുന്നു. 4. ജ്യേഷ്ഠൻ പഠിക്കുന്നു. 5. അനുജൻ കരയുന്നു. 6. ജ്യേഷ്ഠത്തി പാടുന്നു. 7. അമ്മാവൻ എഴുതുന്നു 8. ചിറ്റപ്പൻ കൂളിക്കുന്നു 9. വല്യപ്പൻ മുറുക്കുന്നു? 10. കൊച്ചമ്മ തുക്കുന്നു. 11. അമ്മാവി തളിക്കുന്നു. 12. മുത്തശ്ശി ജപിക്കുന്നു.

അഭ്യാസം 7.

താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിലെ ജന്തുക്കളുടെ പേരായുള്ള നാമങ്ങളെ പറക:—

1. കാക്ക പറക്കുന്നു. 2. കോഴി കൂകുന്നു. 3. കിളികം ചിലയ്ക്കുന്നു. 4. താറാവു നീന്തുന്നു. 5. പട്ടി ഓടുന്നു. 6. പൂച്ച മാന്തുന്നു. 7. പശു മേയുന്നു. 8. കാള നിലവിളിക്കുന്നു. 9. ആന അമറുന്നു. 10. കുതിര കനയ്ക്കുന്നു. 11. മൂങ്ങാ മൂളുന്നു. 12. കുരങ്ങു ചാടുന്നു. 13. മരങ്കൊത്തി കൊത്തുന്നു. 14. പരുന്തു പറക്കുന്നു. 15. മത്സ്യം പായുന്നു. 16. പോത്തു വെട്ടും. 17. മുതല പൊങ്ങി. 18.

സിംഹം ഗർജ്ജിക്കുന്നു. 19: പാമ്പു കടിക്കും. 20. തേൾ ഇറുക്കും. 21. കടന്നൽ കൊത്തും. 22. വെള്ള ചാരി. 23. കരടി ചത്തു. 24. കട്ടുവാ ചാടി. 25. പുലി ഓടി. 26. തത്ത സംസാരിക്കുന്നു. 27. ഈച്ച പറക്കുന്നു. 28. എറുമ്പു കടിക്കും. 29. അട്ട ഇഴയുന്നു. 30. പെരുച്ചാഴി തുരക്കും.

അഭ്യാസം 8.

താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിലെ വസ്തുക്കളുടെ പേരായുള്ള നാമങ്ങളെ പറക:—

1 വൃക്ഷങ്ങളം വളരുന്നു. 2 തെങ്ങു കായ്ക്കുന്നു. 3 ചെടികളം മുളയ്ക്കുന്നു. 4 മുല്ലപൂക്കുന്നു. 5 വിത്തു കിളിച്ചു. 7 നെല്ലു് ഉണങ്ങി. 9 മുതിര പഴുത്തു. 8 ഉഴുന്നുകുതിർന്നു. 9 മുരിങ്ങ പൂത്തു. 10 പുലി വീഴുന്നു. 11 മാങ്ങാ ഉതിരുന്നു. 12 തേങ്ങാ വിളഞ്ഞു. 13 മാവു തളിർത്തു. 14 മണ്ണനനഞ്ഞു. 16 വെള്ളം പൊങ്ങി. 16 മഴ ചെയ്തു. 17 കാറു വീശുന്നു. 18 നദികളം ഒഴുകുന്നു. 19 ഉലകളം ഉയരുന്നു. 20 പാറ പിളരുന്നു. 21 ഉരുളി ഉടഞ്ഞു. 22 കിണ്ടി കമന്നു. 23 കിണ്ണം പൊട്ടി. 24 ചെരവ ഒടിഞ്ഞു. 25 പായ് കീറി. 26 പഞ്ഞി ഉണങ്ങി, 27 വിളക്കു കത്തുന്നു. 28 കസേര മറിഞ്ഞു. 29 ബഞ്ചു വീണു. 20 മേശ ചരിഞ്ഞു. 31 രുംത്തടി ഉരുണ്ടു. 32 മഷി തുകി. 33 സ്ലേറു തെളിയുന്നു. 34 പേന കുതിർന്നു. 35 മുണ്ടു കീറി. 36 തീ കത്തുന്നു. 37 പൂവു വിടർന്നു. 38 ഇല ഉണങ്ങി. 39 പുല്ലു കരിഞ്ഞു. 40 കല്ലു കീറി. 41 കുരിയില പറക്കുന്നു. 42 പഞ്ചസാര മധുരിക്കും. 43 മുളകു് എരിയും. 44 പാവയ്ക്കാ കയ്ക്കും. 45 ചുണ്ടങ്ങാ ചവർക്കും. 46 മാങ്ങാ പുളിക്കും. 47 പാലു തിളച്ചു.

48 വെണ്ണ ഉരുകുന്നു. 49 വെളിച്ചെണ്ണ ഉറഞ്ഞു. 50 കടലാസ്സു കീറി. 51 വാരി ഒടിഞ്ഞു. 52 വെള്ളം മറിഞ്ഞു. 53 ചക്രം ഉരുളുന്നു. 34 വണ്ടി ഓടുന്നു. 55 കമ്പിവളഞ്ഞു. 56 മണി കിലുങ്ങുന്നു. 57 ആണി ഉറച്ചു. 58 കട്ട തേഞ്ഞു. 59 എഴുത്തു മാഞ്ഞു. 60 പശ പിടിച്ചു. 61 കപ്പൽ ഓടുന്നു. 62 തീവണ്ടി പായുന്നു. 63 ഉപ്പു് അലിഞ്ഞു. 64 പുസ്തകം തുറന്നു. 65 വെള്ളരിക്കാ അഴകി. 66 പടവലങ്ങാ പഴുത്തു. 67 ചീര പൂത്തു. 68 അരിവെളുത്തു. 69 ചക്കപ്പഴം മണക്കുന്നു. 60 ചാണകം നാറുന്നു 71 ആകാശം തെളിഞ്ഞു. 72 നക്ഷത്രങ്ങൾ പ്രകാശിക്കുന്നു.

അഭ്യാസം 9.

(1) ആളുകളുടെ പേരുകളായി 5 നാമം എഴുതുക (2) സ്ഥലങ്ങളുടെ പേരായി 10 നാമം എഴുതുക (3) ജന്തുക്കളുടെ പേരായി 5 നാമം എഴുതുക (4) മൃഗങ്ങളുടെ പേരായി 4 നാമം എഴുതുക (5) പക്ഷികളുടെ പേരായി 4 നാമം എഴുതുക (6) ഇഴഞ്ഞു നടക്കുന്ന ജന്തുക്കളുടെ പേരായി 4 നാമം എഴുതുക (7) പറക്കുന്ന ചെറുപ്രാണികളുടെ പേരായി 4 നാമം എഴുതുക (9) വൃക്ഷങ്ങളുടെ പേരായുള്ള 10 നാമാ ഏഴുതുക 9) ചെടികളുടെ പേരായുള്ള 5 നാമം എഴുതുക (10) ധാന്യങ്ങളുടെ പേരായുള്ള 4 നാമം എഴുതുക (11) വള്ളികളായി പടരുന്ന 4 വസ്തുക്കളുടെ പേർ എഴുതുക (12) സ്ത്രീസാമാനങ്ങളുടെ പേരായി 10 നാമം എഴുതുക. (13) വീട്ടുസാമാനങ്ങളുടെ പെരായി 6 നാമം എഴുതുക (14) പാത്രങ്ങളുടെ പ്പേരായി 6 നാമം എഴുതുക. (15) പുല്ലുവർഗ്ഗത്തിൽ ചേർന്ന വസ്തുക്കളുടെ പേരായി 4 നാമം

എഴുതുക (16) ഒലിക്കുന്ന വസ്തുക്കളുടെ പേരായി 4 നാമം എഴുതുക (17) കാഫലങ്ങളുടെ പേരായി 8 നാമം എഴുതുക (18) പാനീയങ്ങൾ (കുടിക്കുന്ന സാധനങ്ങൾ) ആയി 4 വസ്തുക്കളുടെ പേർ എഴുതുക.

അഭ്യാസം 10.

5–മുതൽ 8–വരെയുള്ള അഭ്യാസങ്ങളിലെ ഓരോ വാക്യത്തിലുംനിന്ന് 'കൃതി'യായുള്ള പദം എടുത്തെഴുതുക.

അഭ്യാസം 11.

1. കണ്ണ്, മൂക്ക്, ചെവി, കാല്, പല്ല്,—ഇവയുടെ പ്രവൃത്തിയെ കാണിക്കുന്ന കൃതികൾ എഴുതുക. ഇതുകളെ നാം ഉപയോഗിക്കുന്നവിധത്തെ കുറിക്കുന്ന കൃതികൾ പറക.

2. കോടാലി, തുമ്പ, അരിവാൾ, ഉലക്ക, സൂചി, പാര—ഇവകൊണ്ടു നാം സാധാരണ ചെയ്യുന്ന ക്രിയകളെക്കുറിക്കുന്ന കൃതികൾ എഴുതുക.

3. മുറം, വീശറി, പാറ, കിണ്ടി, പിഞ്ഞാത്തി ഇതുകൾകൊണ്ടു് എടുക്കാവുള്ള പ്രവൃത്തികളെ കുറിക്കുന്ന കൃതികൾ എഴുതുക.

4. ഇടി, മഴ, തീ, കാറ്റ്— ഇതുകളുടെ പ്രവൃത്തിയെ കുറിക്കുന്ന കൃതികൾ എഴുതുക.

5. നാം കൈകൊണ്ടു ചെയ്യുന്ന അനേകം പ്രവൃത്തികളിൽ 10 എണ്ണത്തിനെ കുറിക്കുന്ന കൃതികൾ എഴുതുക.

6. വിളഞ്ഞുനിൽക്കുന്ന നെല്ലുചോറാകുന്നതുവരെ ചെയ്യേണ്ട പ്രവൃത്തികളിൽ മുഖ്യമായുള്ളവയെ കുറിക്കുന്ന കൃതികൾ എഴുതുക.

7. ഒരു കുട്ടി കാലത്തു് എഴുന്നേറ്റാൽ രാത്രി ഉറങ്ങുന്നതുവരെ ചെയ്യുന്ന ഏതാനും പ്രവൃത്തികളെ കുറിക്കുന്ന കൃതികൾ പറക.

8. മാങ്ങാ, മുളക്കു്, കുരിമ്പു്, പാവയ്ക്കാ, ചുണ്ടങ്ങാ ഇതുകൾ എന്തു രസം പുറപ്പെടുവിക്കുന്നു എന്നു കാണിക്കുന്ന കൃതികൾ പറക.

9. ചോറു്, കറി, വെള്ളം, അപ്പം, വെറ്റില, ചുരുട്ടു്, ചന്ദനം, പനിനീരു്, പൂവു്, മുണ്ടു്, ഉടുപ്പു്— ഇതുകളെ നാം ഉപയോഗിക്കുന്ന വിധത്തെ കുറിക്കുന്ന കൃതികൾ പറക.

10. പട്ടി, പൂച്ച, കോഴി, കാക്ക, കിളി, കുതിര, ആന, സിംഹം, പാമ്പു്, മുങ്ങാ—ഇതുകളുടെ കുരച്ചിൽ അല്ലെങ്കിൽ ശബ്ദത്തെ കുറിക്കുന്ന കൃതികൾ പറക.

അഭ്യാസം 12.

താഴെ കാണുന്ന കൃതികളോടു യോജിപ്പുള്ള നാമം ചേർത്തു് വാക്യങ്ങൾ ഉണ്ടാക്കുക:—

1 ഓടുന്നു 2 ചാടുന്നു 3 വീണു 4 കരഞ്ഞു 5 പാടിക്കുന്നു 6 കൂളിച്ചു 7 കിളച്ചു 8 വളർന്നു 9 പൂത്തു 10 കാച്ചു 11 പഴുത്തു 12 പൊഴിയുന്നു 13 ഉതിരുന്നു 14 വന്നു 15 പോയി 16 ഉണ്ടു 17 കിടന്നു 18 ഉറങ്ങി 19 എഴുന്നേറ്റു 20 കളിച്ചു 21 ജപിച്ചു 22 ജനിച്ചു 23 മരിച്ചു 24 ചിലയ്ക്കുന്നു 25 ചലിക്കുന്നു 26 ഒലിക്കുന്നു 27 ഒഴുകുന്നു 28 പറന്നു 29 പൊങ്ങി 30 താണു 31 നനഞ്ഞു 32 ഉണങ്ങി 33 കുതിർന്നു 34 അലിഞ്ഞു 35 ചിരിക്കുന്നു 36 കോപിക്കുന്നു 37 കയർത്തു 38 ഇരുന്നു 39 നിൽക്കുന്നു 40 കത്തുന്നു 41 തിളയ്ക്കുന്നു 42 വെന്തു 43 വാറ്റി 44 മണക്കുന്നു

45 നാറുന്നു 46 ഇരുണ്ടു 47 തെളിഞ്ഞു 48 മുഷിഞ്ഞു 49 പ്രകാശിക്കുന്നു 50 വ്യസനിച്ചു 51 സന്തോഷിച്ചു 52 ഉടഞ്ഞു 53 പൊട്ടി 54 കരിഞ്ഞു 55 പൊരിഞ്ഞു 56 സംസാരിച്ചു.

അഭ്യാസം 13

താഴെ കാണുന്ന നാമങ്ങളോടു യോജിക്കുന്ന കൃതികം ചേർത്തു് വാക്യങ്ങൾ രചിക്കുക:—

1 ഭാഗവതർ 2 നാഗസ്വരക്കാരൻ 3 തകിൽക്കാരൻ 4 ആട്ടക്കാരൻ 5 തുള്ളൽക്കാരൻ 6 പശു 7 കാള 8 കോഴി 9 പൂച്ച 10 പട്ടി 11 ആന 12 സിംഹം 13 നെല്ലു് 14 മുരിങ്ങ 15 വെള്ളരി 16 പടവലം 17 ഇലകം 18 കായ്കം 19 തേങ്ങാ 20 നല്ല മുളകു് 21 മാങ്ങാ 22 പഞ്ചസാര 23 പാവയ്ക്കു് 24 പച്ചമുളകു് 25 വെള്ളം 26 കാറ്റു് 27 ഇടി 28 മഴ 29 സൂര്യൻ 30 ചന്ദ്രൻ 31 നക്ഷത്രങ്ങൾ 32 മണി 33 ചാട്ടു് 34 ശംഖം 35 കസ്തൂരി 36 ചാണകം 37 വെണ്ണ 38 വെളിച്ചെണ്ണ 39 പാലു് 40 ചന്ദനം 41 അമ്മ 42 അച്ഛൻ 43 അനുജൻ 44 ജ്യേഷ്ഠൻ 45 പ്രാവു് 46 മയിൽ 47 പരുന്തു് 48 മൂങ്ങാ 49 കരിവേപ്പില 50 ചെരി 51 തീ 52 അപ്പം 53 വിളക്കു് 54 കണ്ണാടി 55 മുണ്ടു് 56 നദികൾ 57 വെള്ളം 58 പുസ്തകം 59 തീവണ്ടി.

10. നാം ഇതുവരെ രചിച്ച വാക്യങ്ങൾ ഏറ്റവും ചെറുതരം വാക്യങ്ങളാണു്. അവയിലെ ആഖ്യയും ആഖ്യാതവും മിക്കവാറും ഒറ്റപ്പദങ്ങളാകുന്നു.

ഉദാ, 1. രാമൻ ഉറങ്ങുന്നു.
2. പശു കിടക്കുന്നു.
3. പുല്ലു വളരുന്നു.

ഇപ്രകാരമുള്ള വാക്യങ്ങളിലെ ആഖ്യാതപദങ്ങൾക്ക് ഒരു വിശേഷം ഉണ്ട്. അതായത് മറ്റു യാതൊരു പദങ്ങളുടേയും ആവശ്യം കൂടാതെ അവയുടെ അർത്ഥം പൂർണ്ണമാകുന്നു. 'ഉറങ്ങുന്നു', കിടക്കുന്നു,' 'വളരുന്നു' എന്നുള്ള കൃതികൾ കേൾക്കുമ്പോൾ ആര് ഉറങ്ങുന്നു? എന്തു കിടക്കുന്നു? എന്തു വളരുന്നു? എന്നുള്ള ചോദ്യങ്ങൾ മാത്രമേ ചോദിപ്പാൻ തോന്നുന്നുള്ളൂ; അവയ്ക്കുത്തരമായ "രാമൻ' 'പശു', 'പുല്ല്" എന്നീ പദങ്ങളെ ചേർത്ത് "രാമൻ ഉറങ്ങുന്നു", "പശു കിടക്കുന്നു", "പുല്ല് വളരുന്നു" എന്നു പറയുമ്പോൾ ആ കൃതികളുടെ അർത്ഥം പൂർണ്ണമാകയും കൂടുതൽ പദങ്ങളുടെ ആവശ്യമില്ലെന്നു തോന്നുകയും ചെയ്യുന്നു. എന്നാൽ എല്ലാ കൃതികളും ഇക്കൂട്ടത്തിലല്ല.

1. വാദ്ധ്യാർ അടിച്ചു.
2. രാമൻ കണ്ടു.
3. കുട്ടി തിന്നു.

എന്നീ വാക്യങ്ങളിലെ കൃതികളെ നോക്കുക. 'അടിച്ചു' എന്ന കൃതിയോടു് ആരടിച്ചു? എന്ന ചോദ്യത്തിനുത്തരമായി വാദ്ധ്യാർ എന്ന നാമം ആദ്യചേരുന്നതുകൊണ്ടുമാത്രം നമ്മുടെ അന്വേഷണം നിൽക്കുന്നില്ല. വാദ്ധ്യാർ ആരെ അടിച്ചു? എന്നൊരു ചോദ്യംകൂടി ചോദിക്കണമെന്നും അതിന്റെ ഉത്തരംകൂടി അറിയണമെന്നും തോന്നുന്നു. അതുപോലെ 'രാമൻ കണ്ടു', 'കുട്ടി തിന്നു' എന്നു കേൾക്കുമ്പോൾ അതുകൊണ്ടു തൃപ്തി വരാതെ "രാമൻ ആരെ കണ്ടു? അല്ലെങ്കിൽ എന്തിനെ കണ്ടു" "കുട്ടി എന്തിനെ (എന്തു) തിന്നു" എന്നുകൂടി നാം ചോദിച്ചുപോകുന്നു. അതുകൊണ്ട് 'അടിച്ചു', 'കണ്ടു', 'തിന്നു' എന്നീ കൃതികളുടെ അർത്ഥം പൂർണ്ണമാകണമെങ്കിൽ ഈരണ്ടുവിലെ

ചോദ്യങ്ങൾക്കുത്തരമായി യോജിക്കുന്ന വല്ല പദങ്ങളും ചേർത്ത്,

1: വാഴ്യാർ കൃഷ്ണനെ അടിച്ചു.
2. രാമൻ പശുവിനെ കണ്ടു.
3. കുട്ടി മാമ്പഴം തിന്നു.

എന്നിങ്ങനെ പൂരിപ്പിക്കേണ്ടിയിരിക്കുന്നു.

ഈ വസ്തുതയെത്തന്നെ വേറൊരു പ്രകാരത്തിലും എടുത്തു പറയാവുന്നതാകുന്നു. 'അടിക്കുക', 'കാണുക' 'തിന്നുക' എന്നിങ്ങനെയുള്ള ക്രിയകളും അവയെ ചെയ്യുന്നവരായ 'വാഴ്യാർ', 'രാമൻ', 'കുട്ടി' എന്നിവരെ ആശ്രയിച്ചു നിൽക്കുന്നതുകൂടാതെ അവയോരോന്നിനേറയും ഫലം ചെന്ന് 'കൃഷ്ണനെ', 'പശുവിനെ', 'മാമ്പഴം' എന്നിങ്ങനെ ഒരന്യവസ്തുവിനെക്കൂടി സംബന്ധിക്കുന്നു. "വാഴ്യാർ കൃഷ്ണനെ അടിച്ചു" എന്നു പറയുമ്പോൾ 'അടിക്കുക' എന്ന പ്രവൃത്തിയെ വാഴ്യാർ നടത്തി എന്നു മാത്രമല്ല, അടിയുടെ ഫലം ചെന്നു കൃഷ്ണനിൽ ചേർന്നു എന്നുകൂടി അർത്ഥമാകുന്നു. അപ്രകാരംതന്നെ "രാമൻ, പശുവിനെ കണ്ടു" എന്നു പറയുമ്പോൾ 'കാണുക' എന്ന പ്രവൃത്തിയെ രാമൻ നടത്തി എന്നു മാത്രമല്ല കാഴ്ചയുടെ ഫലം ചെന്നു പശുവിൽ ചേർന്നു എന്നും അർത്ഥമാകുന്നു. അതായതു് കണ്ടതു പശുവിനെയാണു് എന്നു വന്നുകൂടുന്നു. അതുപോലെ "കുട്ടി മാമ്പഴം തിന്നു" എന്നു പറയുമ്പോൾ കുട്ടി 'തിന്നുക' എന്ന ക്രിയ ചെയ്തു എന്നു മാത്രമല്ല, അതിന്റെ ഫലം ചെന്നു മാമ്പഴത്തിൽ ചേർന്നു എന്നർത്ഥമാകുന്നു. അതായതു് തീററിയുടെ ഫലമായി ചെലവായതു മാമ്പഴമാണെന്നു വന്നുകൂടുന്നു.

ഈ മാതിരി കൃതികളുടെ വാക്യങ്ങളിൽ ക്രിയ ചെയ്യുന്ന ആളിനെ അതിന്റെ കർത്താവ് എന്നും, ക്രിയാഫലം ചെന്നുചേരുന്ന വസ്തുവിനെ അതിന്റെ (ആ ക്രിയയുടെ) കർമ്മം എന്നും പറയുന്നു. ആകയാൽ 'അടിച്ചു', സകർമ്മക 'കണ്ടു', 'തിന്നു' എന്നിങ്ങനെ കർമ്മമുള്ള കൃതികൾ. കൃതികളെ സകർമ്മകകൃതികൾ (കർമ്മമുള്ള കൃതികൾ) എന്നു പറയുന്നു. 'വാദ്ധ്യാർ', 'രാമൻ', 'കുട്ടി' ഇവ മുറയ്ക്ക് അവയുടെ കർത്താവും, 'കൃഷ്ണനെ', 'പത്രത്തിനെ', 'മാമ്പഴം' ഇവ കർമ്മവും ആകുന്നു.

'ഉറങ്ങുന്നു', 'കിടക്കുന്നു', 'വളരുന്നു' എന്നിങ്ങനെയുള്ള കർമ്മം ആവശ്യമില്ലാത്ത കൃതികളെ അകർമ്മകകൃതികൾ (കർമ്മമില്ലാത്ത കൃതികൾ) എന്നു പറയുന്നു.

അഭ്യാസം 14

താഴെ കാണുന്ന കൃതികളിൽ സകർമ്മകങ്ങളായും അകർമ്മകങ്ങളായും ഉള്ളവയെ വേർതിരിച്ചു രണ്ടു പട്ടികയായി എഴുതുക:—

1. ഇരുന്നു. 2. എഴുന്നേറ്റു. 3. തന്നു. 4. കേട്ടു 5. ജനിച്ചു. 6. മരിച്ചു. 7. ഒഴിഞ്ഞു. 8. ഓടിച്ചു. 9 കൊടുത്തു. 10. വാങ്ങിച്ചു. 11. ദഹിച്ചു. 12. കളിച്ചു. 13. തിന്നു. 14. വിളിച്ചു. 15. കടിച്ചു. 16. കരിഞ്ഞു. 17. കരിച്ചു. 18. ചുട്ടു. 19. വരുത്തു. 20. മുവന്നു.(മുവപ്പുനിറമായി) 21. ചുമന്നു. (ചുമടെടുത്തു) 22. വളർന്നു. 23. വളർത്തി. 24. വെട്ടി. 25. കീറി. 26. കെട്ടി. 27. ഉടഞ്ഞു. 28. ഉടച്ചു. 29. എറിഞ്ഞു. 30. ഓടിച്ചു. 31. വലിച്ചു. 32. ഇഴച്ചു. 33. കൊയ്തു. 34. മെതിച്ചു 35. തൂറി. 36. പാറി. 37. കോരി. 38. വാരി. 39.

പിടിച്ചു. 40. പണിതു. 41. ഭയന്നു. 42. വന്നു. 43. പോയി. 44. പഠിച്ചു. 45. പറിച്ചു. 46. വരച്ചു. 47. എഴുതി. 48. സമ്പാദിച്ചു. 49. കളഞ്ഞു. 50. മറന്നു. 51. നിറഞ്ഞു. 52. അളന്നു. 53. തൂക്കി. 54. ഉരുക്കി. 55. പറന്നു. 56. മോഷ്ടിച്ചു. 57. എറിഞ്ഞു. 58. കഴിച്ചു. 59. അടിച്ചു. 60. നോക്കി.

അഭ്യാസം 15.

താഴെ കൊടുത്തിട്ടുള്ള സകർമ്മകകൃതികളെ ഉപയോഗിച്ചു ചെറുവാക്യങ്ങൾ രചിക്കുക:—

1. തിന്നു. 2. തീറ്റി 3. കറന്നു. 4. കാച്ചി. 5. ഉറച്ചു. 6. കലക്കി. 7. എടുത്തു. 8. വച്ചു 9. തിളപ്പിച്ചു. 10. വറുത്തു. 11. കഴുകി. 12. തുന്നു. 13. പിടിച്ചു. 14. കെട്ടി. 15. വളച്ചു. 16. ഓടിച്ചു. 17. പൂട്ടി. 18. തുറന്നു. 19. നിന്ദിച്ചു. 20. പഠിച്ചു. 21. കൊതിച്ചു. 22. സ്തുതിച്ചു. 23. വന്ദിച്ചു. 24. നുറുക്കു. 25. നെയ്തു. 26. ചതിച്ചു. 27. തല്ലി. 28. പിരിച്ചു. 29. മുക്കി. 30. കൊടുത്തു. 31. വാങ്ങിച്ചു. 32. വിറകു. 33. രക്ഷിച്ചു. 34. ശിക്ഷിച്ചു. 35. സമ്പാദിച്ചു. 36. നശിപ്പിച്ചു. 37. നട്ടു. 38. പറിച്ചു. 39. നുകർന്നു. 40. അലക്കി. 41. വെളുപ്പിച്ചു. 42. സഹായിച്ചു. 43. ഉപദ്രവിച്ചു. 44. സ്നേഹിച്ചു. 45. വിശ്വസിച്ചു.

11. കൃതികളും സകർമ്മകങ്ങളെന്നും, അകർമ്മകങ്ങളെന്നും രണ്ടു വിധമുണ്ടെന്നു നാം മുൻവകുപ്പിൽ കണ്ടുവല്ലോ; സകർമ്മകങ്ങളായ കൃതികളും 'കർമ്മ'രൂപമായ ഒരു നാമം കൂടി ഉണ്ടെങ്കിലേ പൂർത്തിയാകയുള്ളുഎന്നും നാം കണ്ടു; എന്നാൽ സകർമ്മകങ്ങളും അല്ലാത്തെ

തന്നെ, അതുപോലെ ഒരു നാമംകൂടി ഉണ്ടെങ്കിൽ മാത്രം അർത്ഥം പൂർണ്ണമാകുന്നവയായി ഇനിയൊരുതരം കൃതികൾ ഉണ്ട്. ഈ തരത്തിൽ ഏറ്റവും അപ്രധാനമായിട്ടുള്ളത് 'ആകുക' എന്ന ക്രിയയുടെ രൂപങ്ങൾ മാത്രമാകുന്നു.

ഉദാ.- 'ആകുക' എന്ന നാമത്താൽ അർത്ഥം പൂർണ്ണമാകുന്ന കൃതി.

1.	മാധവൻ	ബാലൻ	ആകുന്നു.
2.	രാമൻ	നല്ലവൻ	ആകുന്നു
3.	ഗോപാലൻ	സത്യവാൻ	ആണ്.
4.	കൃഷ്ണൻ	കള്ളൻ	ആണ്.
5.	ശങ്കരൻ	വൃദ്ധൻ	ആയി.
6.	പദ്മനാഭൻ	ധനവാൻ	ആയി.
7.	കുട്ടൻ	മിടുക്കൻ	ആകും.
8.	കേശവൻ	ശൂദ്രൻ	അല്ല.

ഈവാക്യങ്ങളിൽ കൃതിയുടെ മുൻപുള്ള നാമങ്ങൾ വിട്ടുംവച്ച് "മാധവൻ ആകുന്നു", "ശങ്കരൻ ആയി", "കുട്ടൻ ആകും" എന്നിങ്ങനെ വായിച്ചാൽ ഒരർത്ഥവും തോന്നുകയില്ല. ആകയാൽ ആ നാമങ്ങൾ പിൻതുടരുന്ന കൃതികളുടെ അർത്ഥപൂർത്തിക്ക് ആവശ്യമെന്നു സ്പഷ്ടമാകുന്നു. ഇവ നിൽക്കുന്നത് സകർമ്മകകൃതികളുടെ കർമ്മത്തിന്റെ സ്ഥാനത്തിൽ ആണ്. എന്നാൽ ഈ വാക്യങ്ങളിൽ "ആരെ ആകുന്നു?" "എന്തിനെ ആകുന്നു?" എന്ന ചോദ്യങ്ങൾക്കേ ആവശ്യമില്ല, ചേർച്ചയുമില്ല.

അഭ്യാസം 16.

(1) 'ആകുന്നു' എന്ന ക്രിയാരൂപം ചേർത്ത് 2 വാക്യങ്ങൾ എഴുതുക.

(2) 'ആയി' എന്ന രൂപം ചേർത്തു 2 വാക്യങ്ങൾ എഴുതുക.

(3) 'ആകും' എന്ന രൂപം ചേർത്തു 2 വാക്യം രചിക്കുക.

(4) 'ആണു്' എന്ന രൂപം ചേർത്തു 3 വാക്യം രചിക്കുക.

(5) 'അല്ല' എന്ന രൂപം ചേർത്തു 4 വാക്യം രചിക്കുക.

12. നാം ഇതേവരെ രചിച്ച വാക്യങ്ങളിലെ കൃതികൾ ഒറ്റപ്പദങ്ങളാകുന്നു. എന്നാൽ ചിലപ്പോൾ ഒന്നിലധികം കൃതികൾ ഒറ്റയെന്നപോലെ ചേർന്നു നില്ക്കുന്നതായും കാണുന്നുണ്ടു്.

ഉദാ—. 1. മാങ്ങാ ചീഞ്ഞുപോയി
2. പുസ്തകം കളഞ്ഞുപോയി
3. സാമാനം വന്നുകഴിഞ്ഞു
4. വേലക്കാർ പൊയ്ക്കഴിഞ്ഞു
5. രാമൻ ഉണ്ടില്ല
6. കൃഷ്ണൻ വന്നില്ല
7. രാഘവൻ (പള്ളിക്കൂടത്തിൽ) ഉണ്ടായിരുന്നു
8. കേശവൻ (വീട്ടിൽ) ഇല്ലായിരുന്നു.

ഇവിടെ 'ചീഞ്ഞു', 'കളഞ്ഞു' എന്നു തുടങ്ങിയ ആദ്യകൃതികൾ മാത്രം ഉണ്ടായിരുന്നാൽ അർത്ഥപൂർത്തി ഇല്ലാതില്ല; പിൻപിൽ വരുന്നവ കൂടി ചേരുമ്പോൾ ഒരു പുതിയ അർത്ഥത്തെ ചേർക്കുന്നു എന്നേ ഉള്ളു. ആകയാൽ "ചീഞ്ഞുപോയി", "കളഞ്ഞുപോയി", "വന്നുകഴിഞ്ഞു" ഇത്യാദി കൃതികളെ ഒന്നായി ഗണിക്കുന്നതു് ഉത്തമമാകുന്നു.

അദ്ധ്യായം മൂന്നു്.

ഭേദകം.

നാമവിശേഷണം, കൃതിവിശേഷണം, വിശേഷണവിശേഷണം.

13. നാം ഇതേവരെ രചിച്ച വാക്യങ്ങളിൽ 'ആഖ്യാ', 'ആഖ്യാതം' ഈ രണ്ടു ഭാഗങ്ങളിലുംകൂടി രണ്ടു്, അല്ലെങ്കിൽ മൂന്നു പദങ്ങളിൽ അധികം ഇല്ല. ഉള്ള പദങ്ങളെ ജാതി തിരിച്ചതിലും 'നാമം', 'കൃതി' എന്നിങ്ങനെ രണ്ടുതരം പദങ്ങളേ ഉണ്ടായിരുന്നുള്ളൂ എന്നാൽ എല്ലാ വാക്യങ്ങളിലും ഇങ്ങനെതന്നെ ഇരിക്കയില്ല. നമ്മുടെ വിചാരം നീളത്തോടും ആയതിനെ പുറപ്പെടുവിക്കാൻ വേണ്ട പദങ്ങളും അധികമായിത്തീരുന്നതും അവ സ്വഭാവത്തിൽ മാറി പല തരത്തിൽ വേണ്ടിവരുന്നതും ആകുന്നു.

ഒന്നാമതു്, ഒരു വാക്യത്തിലെ ആഖ്യ എപ്പോഴും ഒറ്റപ്പദമായിരിക്കയില്ല. ഇതു സാധാരണയായി ഒരു നാമമാണെന്നു നാം കണ്ടുവല്ലോ. ഈ നാമത്തിനാൽ കുറിക്കപ്പെട്ടുന്ന വസ്തുവിന്റെ സ്വഭാവത്തേയോ സ്ഥിതിയേയോ മറേറാ പറഞ്ഞു വല്ലതും പറയേണ്ടിവരും. അപ്പോൾ അതിനു തക്ക പദങ്ങളെ ആ നാമത്തിന്റെ മുമ്പിൽ ചേർക്കുക പതിവാകുന്നു.

ഉദാ.— 1. നല്ല മനുഷ്യർ സാധുക്കളെ സഹായിക്കും.
ആഖ്യയെ 2. വെളുത്ത കുതിര ഓടിക്കളഞ്ഞു.
വളർത്തുക. 3. ചെറിയപശു പ്രസവിച്ചു.
4. ഭയന്ന കുട്ടി മരിച്ചു.

ഇവിടെ 'നല്ല' എന്ന പദം മനുഷ്യർ സാധാരണക്കാരല്ല, പ്രശംസിക്കത്തക്കവണ്ണം യോഗ്യന്മാരാണെന്നു് ഒരു വിശേഷാർത്ഥത്തെ 'മനുഷ്യർ' എന്ന നാമത്തിനോടു ചേർക്കുന്നു. 'മനുഷ്യർ' എന്നുമാത്രം പറഞ്ഞാൽ അതെല്ലാം

ഉൾപ്പെട്ടുമോ അതുയുംപേർ 'നല്ല മനുഷ്യർ' എന്നതിൽ ഉൾപ്പെട്ടുന്നതുമല്ല. ആകയാൽ 'നല്ല' എന്ന പദം 'മനുഷ്യർ' എന്നതിനോട് ഒരു വിശേഷാർത്ഥത്തെ ചേർക്കുന്നതിനു പുറമേ അതു് ഏതു പേർക്കു പറയുമോ ആ സംഖ്യയെ കുറിക്കുകയുംചെയ്യുന്നു. അപ്രകാരം 'വെളുത്ത', 'ചെറിയ', 'ഭയന്ന' എന്ന പദങ്ങളും പിൻതുടരുന്ന നാമങ്ങളോടു് 'വെളുപ്പു്', 'ചെറുപ്പം', 'ഭയം' എന്നീ ഗുണങ്ങളെ ചേർത്തു് അവ സംബന്ധിക്കുന്ന വസ്തുക്കളുടെ സംഖ്യയേ കുറിക്കുന്നു. ഈ വിശേഷണപദങ്ങൾക്കു് ഒരു പ്രത്യേകസ്വഭാവം ഉണ്ടു്. അവ പിന്നിൽ വരുന്ന നാമത്തെ ആശ്രയിച്ചല്ലാതെ തനിച്ചുനിന്നാൽ അസംബന്ധങ്ങളായി തോന്നും.

നാമവിശേഷണം — പിന്നിൽ വരുന്ന നാമങ്ങളിൽ വിശേഷാർത്ഥത്തെ ചേർക്കുന്നതിനാൽ അവയെ നാമവിശേഷണം എന്നു പറയുന്നു.

13. നാമങ്ങൾക്കു മുൻപു നിന്നുംകൊണ്ടു് അവ കുറിക്കുന്ന വസ്തുക്കൾ എത്രയെന്നു പറയുന്ന സംഖ്യാരൂപങ്ങളായ പദങ്ങളും ആ ഇ, മുതലായ വസ്തുക്കളെ ചൂണ്ടിക്കാണിക്കുന്ന പദങ്ങളും നാമവിശേഷണങ്ങൾതന്നെ.

ഉദാ.—
1. പത്തു കുട്ടികൾ ക്ലാസ്സിൽ ചേർന്നു.
2. മൂന്നാം ക്ലാസ്സ് ആരംഭിച്ചു.
3. ആ പട്ടി കടിക്കും.
4. ഏതു കുട്ടി ജയിച്ചു?

14. മുൻ രണ്ടു വകുപ്പുകളിൽ കാണിച്ച വിശേഷണങ്ങൾ ആഖ്യയായുള്ള നാമങ്ങളെയാണു വിശേഷിപ്പിക്കുന്നതു്. കൃതി സകർമ്മകമായിരിക്കുമ്പോൾ അതിന്റെ കർമ്മവും നാമമായിരിക്കുമെന്നു നാം കണ്ടിട്ടു—

ണ്ടല്ലോ, ആകയാൽ ഈ നാമത്തിന്റെ മുൻപിലും വിശേഷണങ്ങളും വരാവുന്നതാണു്.

ഉദാ. 1. ജയം ഉത്സാഹിയായ പുരുഷനെവരിക്കും.
2. രാമൻ സുന്ദരിയായ സീതയെ വേട്ടു.
3. ജനങ്ങൾ നല്ല ആളുകളെ സ്നേഹിക്കുന്നു.
4. കൃഷ്ണൻ ഈ പട്ടിയെ വളർത്തുന്നു.
5. പാർവതി ഇരുനാഴി നെയ്യുവാങ്ങി.
6. അമ്മൻ നൂറു പറ നെല്ലവിറ്റു.

ആഖ്യാതത്തെ നീട്ടുക നാമവിശേഷണം

ഇവിടെ 'ഉത്സാഹിയായ', 'സുന്ദരിയായ', 'നല്ല' എന്നീ വിശേഷണങ്ങളും പിൻ വരുന്ന 'പുരുഷനെ', 'സീതയെ', 'ആളുകളെ' എന്ന നാമങ്ങളോടു് ഉൽസാഹം, സൌന്ദര്യം, നന്മ എന്നീ ഗുണങ്ങളെ ചേർത്തു് അവയെ വിവരിക്കുന്നു. 'ഈ' എന്നതു് പട്ടിയെ എന്നതിനെ ചൂണ്ടിക്കാണിക്കുന്നു. 'ഇരുനാഴി', 'നൂറു് പറ' എന്നിതുകളും അളവു തീർച്ചപ്പെടുത്തി 'നെയ്യു്', 'നെല്ലു്' എന്നീ നാമങ്ങളെ വിശേഷിപ്പിക്കുന്നു. ആകയാൽ 'ഉൽസാഹി' തുടങ്ങിയ ആറു പദങ്ങളും കർമ്മപദത്തെ വിശേഷിപ്പിക്കുന്ന "നാമവിശേഷണങ്ങളും" ആകുന്നു.

അഭ്യാസം 17.

താഴെ കാണുന്ന വാക്യങ്ങളിൽ നാമവിശേഷണങ്ങളായുള്ള പദങ്ങളെ തിരിഞ്ഞെടുത്തു് ഓരോന്നും ഏതു നാമത്തെ വിശേഷിപ്പിക്കുന്നു എന്നു പറക:—

1 നല്ല ആളുകൾ നന്മയെ ചെയ്യുന്നു. 2 ചീത്ത ആളുകൾ തിന്മയെ ചെയ്യുന്നു. 3 ഗുണവാന്മാരായ ആളുകൾ തെറ്റിനെ ക്ഷമിക്കും. 4 ദുഷ്ടന്മാരായ ആളുകൾ ദോഷത്തെ കാണും. 5 ഉൽസാഹമുള്ള

മനുഷ്യർ കായ്യം നേടും 6 മടിയനായുള്ള ആൾ മലച്ചുമക്കും 7 ചുരുക്കുള്ള ആളുകൾ കായ്യങ്ങളെ എളുപ്പം ചെയ്യും 8 ബുദ്ധിയുള്ള ആളുകൾ ആലോചിച്ചു പ്രവർത്തിക്കും 9 ക്ഷമയുള്ള ആളുകൾ കോപത്തെ അടക്കും 10 ധൈര്യമുള്ള ഭടന്മാർ യുദ്ധത്തിൽ ജയിക്കും 11 ഭയമുള്ള കുട്ടികൾ പുത്തനായ ആളുകളെ കണ്ടു ഭയപ്പെടും 12 സമർത്ഥരായ കുട്ടികൾ പരീക്ഷയിൽ ജയിക്കും 13 അനുസരണയുള്ള കുട്ടികളെ വാദ്ധ്യാർ സ്നേഹിക്കും 14 ദയയുള്ള മനുഷ്യർ സഹായങ്ങൾ ചെയ്യും 15 ധീരനായ രാജാവു ശത്രുക്കളെ ജയിച്ചു 16 വെളുത്ത കുതിരകൾ വേഗം ഓടുന്നു 17 കറുത്ത മേഘങ്ങൾ വർഷിക്കുന്നു 18 പച്ചനിറം കണ്ണിനെ സന്തോഷിപ്പിക്കുന്നു 19 കൃഷ്ണൻ ചുവന്ന ഉടുപ്പു ധരിക്കുന്നു 20 വളരെപ്പേർ മഞ്ഞയുടുപ്പു ധരിച്ചിരിക്കുന്നു 21 ലക്ഷ്മി ഒരു മധുരമായ പാട്ടുപാടി 21 പാർവ്വതി കഠിനമായ വാക്കുകൾ പറഞ്ഞു 23 കോപിഷ്ടയായ പാർവ്വതിയെ അച്ഛൻ ശാസിച്ചു 24 മനുഷ്യർ നേരായ മാർഗ്ഗത്തെ സ്വീകരിക്കണം 25 സത്യമുള്ള മനുഷ്യരെ ലോകം വിശ്വസിക്കും 26 കള്ളന്മാരായ ആളുകളെ ലോകം വെറുക്കുന്നു 27 ക്രൂരന്മാരായ ആളുകൾ കഠിനങ്ങളായ പ്രവൃത്തികളെ ചെയ്യുന്നു 28 മൃദുവായ വാക്കു് ലോകത്തെ സ്വാധീനമാക്കുന്നു 29 ഗുണമുള്ള ആളുകളെ ലോകം ബഹുമാനിക്കും 30 പാവപ്പെട്ട ആളുകളെ ലോകം പുച്ഛിക്കുന്നു 31 സാധുക്കളായ ആളുകളെ ജനങ്ങൾ സഹായിക്കണം 32 അഴകുള്ള പൂക്കൾ മണക്കുന്നില്ല 33 രാമൻ ഗുണവതിയായ സീതയെ വേട്ടു 34 ലക്ഷ്മണൻ ദുഷ്ടയായ രാക്ഷസിയെ കൊന്നു

35 അറിവുള്ള ആളുകൾ കട്ടത്ത വാക്കു പറകയില്ല 36 യുവാക്കളായ ആളുകൾ സാഹസം പ്രവർത്തിക്കുന്നു 37 കൃഷ്ണൻ ഫലമുള്ള വൃക്ഷങ്ങൾ വെച്ചു 38 ലക്ഷ്മണൻ സന്തോഷകരമായ വർത്തമാനം കൊണ്ടുവന്നു 39 കുട്ടികൾ പൂജ്യമായ നടത്തയെ അനുകരിക്കണം 40 തെക്കൻ കാറു വീശിത്തുടങ്ങി 41 ഇതു പെരുതേനാകുന്നു വൻതേനല്ല 42 അഞ്ചു കുട്ടികൾ ഫീസു് കൊടുത്തു 43 നൂറു ആളുകൾ യുദ്ധത്തിൽ മരിച്ചു 44 രാമൻ അയിരം തേങ്ങാ വെട്ടി 45 അമ്മ രണ്ടു പറ പയറു വിറു 46 കൊച്ചുപാപ്പു ഇടങ്കഴി എണ്ണ വാങ്ങിച്ചു 47 വളരെ ആളുകൾ ഇതിലെ പോയി 48 പാട്ടക്കാരൻ കുറെ മാങ്ങാ കൊണ്ടുവന്നു 49 പണമുള്ളവർ ധാരാളം പണം സമ്പാദിക്കും 50 രാത്രി അല്പം മഴപെയ്തു 51 എനിക്കു സ്വല്പം പണം വേണം 52 ഞാൻ കുതിരയെ വാങ്ങി 53 ആ പട്ടി ഒരു മുയലിനെ പിടിച്ചു 54 വലിയ മനുഷ്യർ എളിയ മനുഷ്യരെ സഹായിക്കണം 55 രണ്ടാം തരുവു ദഹിച്ചുപോയി 56 നാലാം ഓണം കഴിഞ്ഞു 57 പന്ത്രണ്ടാംമാസം വരുന്നു 58 ഈ മാവു് ഒടിഞ്ഞു വീണു 59 നിങ്ങൾ ഏതു പുരയിടം വാങ്ങിച്ചു? 60 രാമൻ ചെമ്പിനു എന്തു വില കൊടുത്തു? 61 കുള്ളന്മാർ എത്ര രൂപാ മോഷ്ടിച്ചു? 62 ചില ആളുകൾ ഇന്നു വരും 63 പല കുട്ടികൾ തോറ്റുപോയി 64 മിക്ക ആളുകളും ജീവിച്ചു 65 അധികം പേർ മരിച്ചില്ല 66 ഏതാനും ആളുകൾ വരണം 67 മുഴുവൻ വില കിട്ടണം 68 പാതിപ്പണം അവർ തന്നു 69 ശേഷം പണം നിന്നരണം.

15. നാമവിശേഷണങ്ങൾ 'ആകുക' എന്ന ക്രിയയുടെ പൂരണങ്ങളായ നാമങ്ങൾക്കു മുമ്പിലും വരുന്നതാണു്.

ഉദാ. 1. രാമൻ നല്ല വാദ്ധ്യാർ ആകുന്നു.
2. കൃഷ്ണൻ വാത്സല്യമുള്ള പിതാവുമാകുന്നു.
3. അമ്പു ഭയമുള്ള കുട്ടിയാണു്.
4. കേശവൻ വൃദ്ധനായ ഒരു പുരുഷനാകുന്നു.

താഴെ കാണുന്ന വാക്യങ്ങളിൽ നാമവിശേഷണങ്ങളുള്ള പദങ്ങളെ തിരിഞ്ഞെടുത്തു് ഓരോന്നും ഏതു നാമത്തെ വിശേഷിപ്പിക്കുന്നു എന്നു പറക:—

1. രാമൻ ചെറുപ്പക്കാരനായ പുരുഷൻ ആകുന്നു. 2 കോശി പൊക്കമുള്ള ആൾ ആകുന്നു. 3 ഗോവിന്ദൻ തടിച്ച കുട്ടി ആകുന്നു. 4 പദ്മനാഭൻ ചൊടിയുള്ള പയ്യനാകുന്നു. 5 കൃഷ്ണൻ മെലിഞ്ഞ ആൾ ആകുന്നു. 6 നാണു ഒത്ത ആൾ ആകുന്നു. 7 ലക്ഷ്മണൻ ശക്തിയുള്ള യുവാവാകുന്നു 8 പരമേശ്വരൻ രോഗിയായ കുട്ടിയാണു്. 9 ജോൺ ശൂരനായ പുരുഷനാകുന്നു. 10 ഗൗരി ഭീരുവായ പെണ്ണാകുന്നു. 11 കല്ലു് ഘനമുള്ള വസ്തുവാകുന്നു. 12 പഞ്ഞി ഘനം കുറഞ്ഞ സാധനമാകുന്നു. 13 രാമന്റെ വീടു് പൊക്കമുള്ള വീടാകുന്നു. 14 ആ മുറി വെളിച്ചമുള്ള മുറി ആകുന്നു. 15 ഈ പലക വൃത്തമായ പലക ആകുന്നു. 16 പന്തു് ഉരുണ്ട വസ്തുവാകുന്നു. 17 പലക പരന്ന വസ്തുവാകുന്നു. 18 ഇതു വട്ടമേശ ആകുന്നു. 19 അതു നനഞ്ഞ മുണ്ടാകുന്നു. 20 രാമന്റെ പുസ്തകം പുതിയ പുസ്തകം ആകുന്നു. 21 എന്റെ ഉടുപ്പു കീറിയ ഉടുപ്പാകുന്നു. 22 ഈ ഓല പഴയ ഓലയാകുന്നു. 23 വെളിച്ചെണ്ണ നേത്ത വസ്തു

വാകുന്നു. 24. ആവണക്കെണ്ണ കൊഴുത്ത വസ്തുവാകുന്നു. 25. ഇരുമ്പ് ഉറച്ച സാധനമാകുന്നു. 26. കണ്ണാടി ഉടയുന്ന വസ്തുവാകുന്നു. 27 ഇത്തി തെളിയുന്ന മഷിയാകുന്നു. 28 അത്ത് ഉരുക്കിയ നെയ്യാകുന്നു. 29 നെല്ല് ഉണങ്ങിയ നെല്ലാകുന്നു. 30 രാഘവന്റെ മുണ്ടു മുഷിഞ്ഞ മുണ്ടാകുന്നു. 31 ഗോവിന്ദന്റേത് പൊട്ടിയ സ്ലേറ്റാകുന്നു. 32 റോസാ മണമുള്ള പൂവാകുന്നു. 33 മുരിക്കിൻപൂ അഴകുള്ള പൂവാകുന്നു. 34 തെങ്ങു കായ്ക്കുന്ന വൃക്ഷമാകുന്നു. 35 കൃഷ്ണന്റെ സ്ഥിതി കഷ്ടമായ സ്ഥിതിയാകുന്നു. 36 നളൻ ഒന്നാന്തരം പാചകനാകുന്നു. 37 രാഘവൻ ക്ലാസ്സിൽ ഒന്നാമത്തെ കുട്ടി ആകുന്നു. 38 ഇത്തി വലിയ ഉപകാരമാകുന്നു. 39 അത്ത് ആഭാസമായ പ്രവൃത്തിയാകുന്നു 40 അവൻ സഭ്യമായ വാക്കുകൾ പറഞ്ഞു.

16. ആഖ്യയ്ക്കു വിശേഷണം വരുന്നതുപോലെ ആഖ്യാതത്തിനും വിശേഷണങ്ങൾ വരുന്നതാണ്. ആഖ്യാതരൂപമായ കൃതി പ്രായേണ ഒരു പ്രവൃത്തിയെ ആണല്ലോ കുറിക്കുന്നത്. ആ പ്രവൃത്തിയുടെ (ക്രിയയുടെ) സ്വഭാവമനുസരിച്ച് ഈ വിശേഷണങ്ങൾ പല പ്രകാരത്തിൽ ഇരിക്കും. അവയെ എല്ലാം 'കൃതിവിശേഷണങ്ങൾ' എന്നു പറയണം.

ഒന്നാമത്, ഒരു ക്രിയ എപ്പോൾ നടന്നു? എപ്പോൾ നടക്കുന്നു? എപ്പോൾ നടക്കും? എത്രനേരം നടക്കുന്നു എന്നിങ്ങനെ കാലത്തെ കുറിക്കുന്ന വിശേഷണങ്ങൾ വരാം.

ഉദാ.	1. രാമൻ	പോയാണ്ടു	ജനിച്ചു.
ആഖ്യാതത്തെ	2. അച്ഛൻ	ഇന്നലെ	വന്നു.
വളർത്തുക കൃതി	3. രാഘവൻ	മറന്നാൾ	വരും.
വിശേഷണം	4. കേശവൻ	ഇത്തവണ	തോറ്റു.
	5. വാദ്ധ്യാർ	കൃഷ്ണനെ	പലപ്പോഴും ശാസിക്കുന്നു.

രണ്ടാമതു്, ഒരു ക്രിയ പല സ്ഥലങ്ങളേയും ആശ്രയിച്ചിരിക്കാവുന്നതുകൊണ്ടു് സ്ഥലവാചികളായ (സ്ഥലത്തെ കുറിക്കുന്ന) വിശേഷണങ്ങളും വരാം.

ഉദാ.	1. അച്ഛൻ	ഇവിടെ	ഇല്ല.
	2. ജ്യേഷ്ഠൻ	അകത്തു്	ഉണ്ടു്.
	3. രാമൻ	അങ്ങോട്ടു	പോയി.
	4. മകൻ	അടുക്കൽ	ഉണ്ടു്.

മൂന്നാമതു്, ഒരു ക്രിയ പലവിധത്തിലും ചെയ്യപ്പെടാവുന്നതാണു്. അതുകയാൽ ഈ ഭേദമനുസരിച്ചും വിശേഷണങ്ങളും വരാവുന്നതാണു്.

ഉദാ.	1. രാമൻ	വേഗം	ഓടി.
	2. കൃഷ്ണൻ	ഉറക്കെ	വിളിച്ചു.
	3. ദേവകി	മധുരമായി	പാടി.
	4. കുട്ടികൾ	പതുക്കെ	നടന്നു.

നാലാമതു്, ഒരു ക്രിയ മുഴുവൻ നടന്നോ? ഏതാനും ഭാഗമേ നടന്നൊള്ളോ? എത്രത്തോളം നടന്നു? എന്നിങ്ങനെ അളവു് അല്ലെങ്കിൽ മാത്രയേ കുറിക്കുന്ന വിശേഷണങ്ങളും വരാം.

	1. ശങ്കു	വളരെ	ഉത്സാഹിച്ചു.
	2. വേലക്കാർ	ഏറ്റവും	ക്ഷീണിച്ചു.
	3. കുട്ടികൾ	അല്പം	ഓടി.

ഈ വിശേഷണങ്ങളെ ക്രിയയുടെവിധം അല്ലെങ്കിൽ പ്രകാരത്തെ കുറിക്കുന്ന മൂന്നാമത്തുതരത്തിലും ഗണിക്കാം.

അഭ്യാസം 18.

താഴെ കാണുന്ന വാക്യങ്ങളിൽ കാലമോ സ്ഥലമോ കുറിക്കുന്ന കൃതിവിശേഷണങ്ങളെ തിരിഞ്ഞെടുത്തു ഓരോന്നും ഏതു കൃതിയെ വിശേഷിപ്പിക്കുന്നു എന്നു പറക:—

1 രാമൻ ഇന്നലെ പള്ളിക്കൂടത്തിൽ പോയി 2. വാദ്ധ്യാർ നാളെ വരും 3 കൃഷ്ണൻ വരുന്ന ആണ്ടിൽ കയറാം കിട്ടും 4 ഈശ്വരൻ ഇപ്പോഴും ഉണ്ട് 5 ഞാൻ രാമനെ അപ്പോൾ കണ്ടില്ല. 6 നാണി ഉടനെ പോയി 7 ലക്ഷ്മി മുമ്പേ ചെന്നു 8 ഗൌരി പിന്നീടു പോയി 9 അവർ കേശവനെ എപ്പോഴും ഉപദ്രവിക്കുന്നു 10 രാമൻ പലപ്പോഴും പുലമ്പുന്നു 10 (a) പുലയൻ വയ്യോളം കൊയ്തു 10 (b) കുട്ടികൾ വെളുപ്പോളം ഉറങ്ങി 11 നാം ഒരിക്കലും അസത്യം പറയരുതു് 12 സദാ സത്യം പറയണം 13 കൃഷ്ണൻ വെളുപ്പിനു് ഉണർന്നു. 14 അവൾ രാത്രിയിൽ പാടുന്നു 15 കുട്ടികൾ രാവിലെ ഉണരണം 16 രാഘവൻ ക്രമക്രമേ ശണ്ഠയുണ്ടാക്കും 17 ഉത്സവം ആണ്ടുതോറും നടക്കുന്നു 18 ആ മണിദിവസേന നിൽക്കുന്നു 19 തോറാവർ വീണ്ടും പഠിക്കണം 20 ഏകാദശി മാസത്തിൽ രണ്ടു തവണ വരും 21 ആ കുഞ്ഞു് നിമിഷംപ്രതി തള്ളയെ നോക്കുന്നു 22 ആ പത്രം പ്രതിവാരം അടിക്കപ്പെടുന്നു 23 അമ്മാവൻ അകത്തു് ഇല്ല 24 കുട്ടികൾ പുറത്തു കളിക്കുന്നു 25 ഗോപാലൻ ഇവിടെ വന്നില്ല 26 മാധവൻ അവിടെയുണ്ടു് 27 ദേവകി അടുക്കൽ ഇരിക്കുന്നു

28 ക്രൂട്ടകാർ ദൂരെ ആയി 29 കേളൻ മുമ്പിൽ നടക്കുന്നു 30 കാത്ത്യായനി പുറകിൽ ആയി 31 കള്ളൻ മുകളിൽ കയറി 32 ക്രൂട്ടർ താഴെ നിൽക്കുന്നു 33 ഒരുത്തൻ ചുറ്റും നോക്കുന്നു 34 അമ്മു നടക്കു നിൽക്കു 35 രാമൻ എവിടെ പോയി 36 ഞാൻ മഷിക്കുപ്പി പെട്ടിക്കകത്തു വെച്ചു 37 രാമൻ അടിയിൽ വീണു 38 ശത്രുക്കൾ മുന്നോട്ടു കയറി 39 ക്രൂട്ടർ പുറകോട്ടു ഓടി 40 പൂച്ച കുറുക്കെ പോയി 41 അവർ നെടുകേ പോയി 42 വെള്ളം ഉയരെ പോയി 43 എല്ലാവരും നേർവഴിയേ നടക്കണം.

അഭ്യാസം 19.

താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽനിന്നു് ക്രിയയുടെ പ്രകാരം അല്ലെങ്കിൽ വിധത്തെ കുറിക്കുന്ന വിശേഷണങ്ങൾ തിരിഞ്ഞെടുത്തു. ഓരോന്നും ഏതു ക്രിയയെ വിശേഷിപ്പിക്കുന്നു എന്നു പറക —

1 തള്ള വേഗത്തിൽ നടക്കുന്നു 2 കുട്ടി പതുക്കെ പോകുന്നു 3 അമ്മ മെല്ലെ നടന്നു 4 രാഘവൻ ഉറക്കെ വായിക്കുന്നു 5 രാമൻ മിണ്ടാതെ പോയി 6 അച്ഛൻ ദേഷ്യത്തോടു പോയി 7 കുട്ടികൾ സന്തോഷമായി പാടി 8 ദാസി ഭംഗിയായി ആടി 9 അമ്മു നല്ലവണ്ണം ശ്രമിച്ചു 10 കുട്ടികളെന്നു വീണു 11 കുട്ടപ്പൻ മലന്നു കിടന്നു 12 രാമൻ സാവധാനത്തിൽ നടന്നു 13 അമ്മാവൻ ശാന്തമായി സംസാരിച്ചു 14 അമ്മാവി ക്രൂരമായി ഉത്തരം പറഞ്ഞു 15 ചിറ്റമ്മ അവളെ കഠിനമായി ശാസിച്ചു 16 അവൾ ക്ഷമയോടെ കേട്ടു 17 പത്മനാഭൻ ദയവില്ലാതെ പ്രവർത്തിച്ചു 18 വക്കീൽ

യുക്തിയായി സംസാരിച്ചു 19 ലക്ഷ്മി മധുരമായി പാടി 20 മഴ കേമമായി പെയ്തു 21 കാറ്റു ബലമായി അടിച്ചു 22 അവർ വട്ടത്തിൽ ഇരുന്നു 23 ശിപായിമാർ അണിയായി നടന്നു 25 കൃഷ്ണൻ സൂത്രത്തിൽ പണം വാങ്ങി 25 കുട്ടി വാസ്തവമായി ഉറങ്ങുന്നു 26 അവർ രസമായി മുക്കി 27 ഭഗവാൻ ഇപ്രകാരം പറഞ്ഞു 28 ശത്രുക്കൾ എങ്ങിനെയോ മറഞ്ഞു 29 പാർവതി അപ്രകാരം ചെയ്തില്ല 30 കാൽ ഈ വിധം വെയ്ക്കണം 31 പേന ഇങ്ങനെ പിടിക്കണം 32 കള്ളന്മാർ നിശ്ശബ്ദമായി അകത്തു കടന്നു 33 പട്ടാളക്കാർ നീളെ നടന്നു 34 അവർ വള്ളം നേരെ വച്ചു 35 അവൾ ജാഗ്രതയായി കൊയ്തു 36 അച്ഛൻ നിശ്ചയമായി കോപിക്കും 37 ന്നെയ്ത്തുകാരൻ ഉറപ്പായി വരും 38 കൃഷ്ണൻ തീർച്ചയായി ജയിക്കും 39 കുട്ടൻ മുറുകി നടന്നു. 40 അവൻ വെള്ളക്കെ അലക്കി 41 രാമൻ പെട്ടെന്നു ഓടി 42 ലക്ഷ്മണൻ പൊട്ടുന്നതവെ നിലവിളിച്ചു 43 കുട്ടി ഓക്കാതെ വീണു 44 ലക്ഷ്മി യട്ടിച്ചയാ അവനെ കണ്ടു 45 അവൾ ഹാസ്യമായി ചിരിച്ചു 46 അവർ രഹസ്യമായി സംസാരിച്ചു 47 അയാൾ മരം വേരോടെ മുറിച്ചു 48 അവൻ പടവലം ചുവടോടെ പറിച്ചു 49 പെണ്ണ് അപ്പം മുഴുവൻ തിന്നു 50 കുട്ടി വെള്ളം പാതി കുടിച്ചു 51 കൃഷ്ണൻ കുറേ ഓടി 52 അവൻ ഏകദേശം ഉറങ്ങി 53 അവൻ അധികം സംസാരിക്കുന്നു 54 കള്ളൻ ഏറെ ശ്രമിച്ചു 55 രാമൻ സ്വല്പം ഉറങ്ങി 56 ഞാൻ ധാരാളം ഉണ്ടു 57 അവൻ വേണ്ടുവോളം കുടിച്ചു 58 വേലക്കാരൻ ആവോളം ചുമന്നു 59 വേഷം ഒട്ടു നന്നായി 60 പന്തലിൽ തീരെ സ്ഥലമില്ല.

16. നാമങ്ങൾക്കും കൃതികൾക്കും വിശേഷണങ്ങൾ വരാമെന്നു നാം കണ്ടുവല്ലോ. ഇതുകൂടാതെ വിശേഷണങ്ങൾക്കും ചിലപ്പോൾ വിശേഷണം വരാം:—

ഉദാ. 1. അല്പം കറുത്ത കുട്ടി.

2. നന്നേ ചീത്ത വാക്കു്.

വിശേഷണ വിശേഷണം. 3. ദേവകി വളരെ മധുരമായി പാടി.

4. കൃഷ്ണൻ ഏറ്റവും സൂക്ഷ്മമായി പാടി.

1-ാം ഉദാഹരണത്തിലെ 'അല്പം' എന്ന പദം 'എത്ര കറുത്തു' എന്നു് കറുപ്പിന്റെ അളവു കാണിച്ചു് 'കറുത്ത' എന്ന നാമവിശേഷണത്തെ വിശേഷിപ്പിക്കുന്നു. 'നന്നേ' എന്നതു് അതേ പ്രകാരത്തിൽ 'ചീത്ത' എന്ന നാമവിശേഷണത്തെ വിശേഷിപ്പിക്കുന്നു. 'വളരെ' 'ഏറ്റവും' എന്നീ പദങ്ങൾ മുറയ്ക്കു് എത്രത്തോളം മധുരമായി, എത്രത്തോളം സൂക്ഷ്മമായി എന്നു് കൃതിവിശേഷണങ്ങളെ വിശേഷിപ്പിക്കുന്നു.

അഭ്യാസം 20

താഴെകാണുന്ന വാക്യങ്ങളിൽനിന്നു വിശേഷണ വിശേഷണങ്ങളെ തിരിഞ്ഞെടുത്തു്. ഓരോന്നും ഒരു നാമവിശേഷണത്തേയോ, കൃതിവിശേഷണത്തേയോ ഏതിനെ ആണു് വിശേഷിപ്പിക്കുന്നതെന്നു പഠിക:—

1 ഇതു് അല്പം കുഴങ്ങിയ കായ്മും ആകുന്നു. 2 രാമൻ വളരെ പാവപ്പെട്ട കുട്ടിയാണു് 3 ഇതു് അധികം പുളിയുള്ള മാങ്ങാ ആകുന്നു. 4 ലക്ഷ്മി ഏറ്റവും ഭംഗിയായി സംസാരിച്ചു 5 അതു വളരെ ശ്രമമുള്ള പണി

ആകുന്നു 6 ഇതു സപല്പും വളഞ്ഞ വടിയാണു് 7 അതു് ഏതാണ്ടു ഗൌരവമുള്ള കായ്മാണു് 8 അയാൾ സാമാന്യം ബുദ്ധിയുള്ള കുട്ടിയാണു് 9 അതു പൊതുവെ തൃപ്തികരമായ പ്രവൃത്തിയാകുന്നു 10 ഇതു നന്നേ തെളിഞ്ഞ കൈയ്യടയാണു് 11 അതു മുഴുവൻ തീരാത്ത പണിയാകുന്നു 12 അവൻ അതിഇഷ്ടനായ കുട്ടിയാകുന്നു 13 അതു പലവട്ടം തെറ്റിയ കുറിയാണു് 14 ഇതു് ഒരിക്കലും ഒടുങ്ങാത്ത വഴക്കാകുന്നു 15 അതു് ഒരുവിധം തീച്ചപ്പെട്ട ഒരു കായ്മാണു് 16 ഇതു് എന്നും നിൽക്കുന്ന ഉപ്പേരാകുന്നു 17 അതു് ചാവോളം മറക്കാത്ത പ്രവൃത്തിയാകുന്നു 18 ഇതു് ആവോളം നോക്കിയ കായ്മാകുന്നു 19 കുട്ടപ്പൻ തീരെ അലക്ഷ്യമായി സംസാരിച്ചു 20 രാമൻ ഒട്ടും ക്രമംതെ ശകാരിച്ചു 21 അതു ബഹുകാലം നിന്ന രോഗമാണു് 22 അതു അവസാനമായി തീച്ചപ്പെട്ട കേസ്സു് ആകുന്നു.

17. നാം ഇപ്പോൾ "നാമവിശേഷണം", "കൃതിവിശേഷണം", "വിശേഷണവിശേഷണം" എന്നിങ്ങിനെ മൂന്നുവിധം വിശേഷണങ്ങളെ വേർതിരിച്ചുവല്ലോ. സ്വഭാവംകൊണ്ടു് ഇവയെല്ലാം ഒരേപ്രകാരത്തിലുള്ളവയാകുന്നു അതായതു്, അവയെല്ലാം ഒരുപോലെ പിൻതുടരുന്ന പദത്തിന്റെ അർത്ഥത്തെ ഭേദിപ്പിക്കുന്നു. ആകയാൽ അവയെ എല്ലാംചേർത്തു പൊതുവെ ഭേദകം എന്നു പറയുന്നു.

ഭേദകം.

അദ്ധ്യായം നാലു്.

ഗതി, ഘടകം, വ്യാക്ഷേപകം.

18. നാം ആഖ്യയും ആഖ്യാതവും ചേന്നു് രണ്ടു പദങ്ങളില്ലധികമില്ലാത്ത ഏറ്റവും ചെറിയ വാക്യങ്ങളിൽ തുടങ്ങി ഇപ്രകാരമുള്ള വാക്യങ്ങളിൽ നാമം, കൃതി എന്നീ രണ്ടു ജാതി പദങ്ങളും ഉണ്ടായിരുന്നു. വാക്യങ്ങളും വളന്നപ്പോൾ കൃതികളുടെ അംഗമായി 'കമ്മം' എന്ന സ്ഥാനം വഹിക്കുന്ന ഒരു പദംകൂടിയുള്ള വാക്യങ്ങളും കിട്ടി. ഈ കമ്മപദം സാധാരണ 'നാമം' ആകയാൽ അതു് ഒരു നൂതനജാതിപദത്തെ നൽകിയില്ല. 'ആകുക' എന്ന ക്രിയയുടെ പൂരണമായ പദവും ഒരു നാമമാകയാൽ ഒരു നൂതനജാതിയെ നൽകിയില്ല. പിന്നെ നാം ആഖ്യയെ വളത്തി. അപ്പോൾ 'നാമവിശേഷണം' എന്നൊരു വക പദം കിട്ടി. പിന്നെ ആഖ്യാതത്തെ വീണ്ടും വളത്തി. ഉടനെ കൃതിവിശേഷണം' എന്നൊരു വക പദം കിട്ടി. പിന്നീടു് നാമവിശേഷണത്തേയും കൃതിവിശേഷണത്തേയും വിശേഷിപ്പിക്കുന്ന 'വിശേഷണവിശേഷണം' കിട്ടി. ഈ മൂന്നു വക വിശേഷണങ്ങളും ഒരുപോലെ മറ്റു പദങ്ങളുടെ അർത്ഥത്തെ ഭേദിപ്പിക്കുക എന്ന പൊതുവായ സ്വഭാവം ഉള്ളതിനാൽ അവമൂന്നിനേയും ചേർത്തു് ഭേദകം എന്ന ഒരു ജാതിയെയായി കൈക്കൊണ്ടു. ഇപ്രകാരം നമുക്കു മൂന്നു ജാതിപ്പദങ്ങൾ ഇതുവരെ കിട്ടിയിട്ടുണ്ടു്. വാക്യങ്ങളെ വളത്തിയാൽ കൂടുതലായി ഇനിയും വല്ല പദവും കിട്ടുമോ എന്നു നോക്കാം. ഇതിനായി താഴെ വരുന്ന വാക്യങ്ങളെ പരിശോധിക്കുക:—

1. ആശാൻ കുട്ടിയെ വടികൊണ്ടു് അടിച്ചു.
2. രാമൻ അൽത്താരയിൽ നിന്നു നോക്കി.
3. ഗോപാലൻ പള്ളിക്കൂടം മുതൽ വീടുവരെ ഓടി.

ഒന്നാമത്തെ വാക്യത്തിൽ 'ആശാൻ' 'കുട്ടിയെ' 'വടി' ഈ മൂന്നും നാമങ്ങളും, 'അടിച്ചു' എന്നതു കൃതിയും ആകുന്നു. പിന്നെ ശേഷിക്കുന്ന ,കൊണ്ടു്'' എന്ന പദം നാമമോ, കൃതിയോ, ഭേദകമോ അല്ല. ഒരു പുത്തൻ ജാതിയാകുന്നു. 1–ം 3–ം വാക്യങ്ങളിലുള്ള 'നിന്നു'; 'മുതൽ', 'വരെ' ഈ പദങ്ങളും പുത്തൻ ജാതിയാകുന്നു.

കൊണ്ടു:—ഈ പദം 'വടി' എന്ന നാമത്തോടു ചേർന്നു നിന്നുംകൊണ്ടു് അതിനെ 'അടിച്ചു' എന്ന കൃതിയോടു യോജിപ്പിക്കുന്നു. അതായതു് അടിച്ചതെന്തു സാധനത്താലാണെന്നു കാണിക്കുന്നു.

നിന്നു:—ഇതു് 'ആൽത്തറയിൽ' എന്ന നാമത്തോടു ചേർന്നു നിന്നുംകൊണ്ടു് അതിനെ 'നോക്കി' എന്ന കൃതിയോടു യോജിപ്പിക്കുന്നു. അതായതു് നോക്കിയതു് എവിടെനിന്നെന്നു കാണിക്കുന്നു.

മുതൽ:—വരെ:—ഇവ ക്രമത്തിനു് 'പള്ളിക്കൂടം' 'വീടു്'' എന്ന നാമങ്ങളോടു ചേർന്നു നിന്നുംകൊണ്ടു് അവയെ 'ഓടി' എന്ന കൃതിയോടു സംബന്ധിക്കുന്നു.

ഇപ്രകാരം ഒരു നാമത്തോടു ചേർന്നു നിന്നുംകൊണ്ടു് അതിനു മറ്റു പദാർത്ഥങ്ങളോടുള്ള സംബന്ധം കുറിക്കുന്ന പദങ്ങളെ ഗതി എന്നു പറയുന്നു.

അഭ്യാസം 21.

താഴെ കൊടുത്തിട്ടുള്ള വാക്യങ്ങളിലെ ഗതികളെ ചൂണ്ടിക്കാണിയ്ക്കുക:—

1 രാമൻ അമ്പലം മുതൽ വീടുവരെ ഓടി. 2 വാദ്ധ്യാർ എന്നെ അടിതൊട്ടു മുടിവരെ നോക്കി. 3 കൃഷ്ണനു് ജ്യേഷ്ഠനോളം ശക്തിയില്ല. 4 പുക വാതിലൂടെ പോകുന്നു. 5 ദിവസംതോറും പഠിക്കണം. 6 ജാഗ്രത

കൊണ്ടു ഫലം ഉണ്ട്. 7 അവർ കൃഷ്ണനെക്കൊണ്ടു പറ
കയായിരുന്നു. 8 ഞാൻ ആ കായ്ത്തെക്കുറിച്ചു മിണ്ടി
യില്ല. 9. ഞാൻ മടിയുടെ ദോഷത്തെപ്പറ്റി വിചാരിക്ക
യായിരുന്നു. 10 അച്ഛൻ കോപംപൂണ്ടു മകനെ തല്ലി.
11 അവൻ രോഷം കലർന്ന കയ്യിൽ കത്തി എടുത്തു.
12 അവനു് രാമനെക്കാൾ ശക്തിയുണ്ടു്. 13 എനിക്കു
കൃഷ്ണനെക്കാൾ പണമുണ്ടു്. 14 രാമൻ അനുജനെപ്പോലെ
കോപിയല്ല. 15 ഞാൻ രാമനോടൊപ്പം ഓടി. 16
അവർ സന്ന്യാസിയോടു് ഒത്തു രാമേശ്വരത്തു പോയി
17 കുട്ടൻ കുട്ടരോടു ചേർന്നു കളിച്ചു. 18 കുട്ടി അച്ഛനോടു
കൂടി പോയി. 19 അവൻ അമ്മയോടൊന്നിച്ചു വന്നില്ല.
20 ഞാൻ അനുജത്തിക്കായിട്ടു് ഒരു പുസ്തകം മേടിച്ചു.
21 മനുഷ്യർ പണത്തിനുവേണ്ടി അലഞ്ഞാനിക്കുന്നു.
22 കൃഷ്ണന്റെ പക്കൽ പണമില്ല. 23 എന്റെ
അടുക്കൽ പണമുണ്ടു്. 24 എന്റെ പണം ഞാൻ ശങ്ക
രൻവശം അയച്ചു. 25 മജിസ്ട്രേട്ടു് കൃഷ്ണന്റെ മേൽ
കുറ്റം ചുമത്തി. 26 രാമന്റെ പേരിൽ വീഴ്ചയില്ല. 27.
ഗൌരി മാളികയിൽനിന്നു് ആറാട്ടു കണ്ടു. 28 ഞാൻ
കളിത്തട്ടിൻ ഇരുന്നു സേവ കണ്ടു. 29 ആനക്കൊട്ടിലിൽ
വെച്ചു് ആന ഇളകി. 30 അവൻ ഇടവഴിയിലൂടെ
പോയി. 31 കൃഷ്ണൻമൂലം എനിക്കു ശിക്ഷ കിട്ടി. 32
ഞാൻ അച്ഛനെക്കുറിച്ചു പോയില്ല. 33 ലക്ഷ്മി കാന്ത
നോടു ചേർന്നു രമിച്ചു. 34 എന്റെ മീതെ കുറ്റം ചുമ
ത്തരുതു്. 35 കുട്ടി സന്ധ്യയ്ക്കു തുടങ്ങി കരയുന്നു.

19 'ഗതി' എന്ന ഈ നൂതനജാതി പദത്തിനും. 'നാമം', 'കൃതി', 'ഭേദകം' എന്നിവയ്ക്കും തമ്മിൽ സാരമുള്ള ഒരു വ്യത്യാസമുണ്ടു്. നാമവും, കൃതിയും, ഭേദ

കവും സ്വയമേതന്നെ ഒരർത്ഥത്തെ വിളിച്ചുപറയുന്ന ക്രട്ടത്തിൽ ആകുന്നു. എന്നാൽ 'ഗതി' അങ്ങിനെ അല്ല. അതു് രണ്ടു പദങ്ങളും തമ്മിലുള്ള സംബന്ധത്തെ കുറിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. സംബന്ധം കുറിക്കുന്നവയായി 'ഗതി'യെപ്പോലെ ഇനി വേറെ തരം പദങ്ങളുമുണ്ടു്. താഴെ വരുന്ന വാക്യങ്ങളെ പരിശോധിക്കുക.

1. രാമനും കൃഷ്ണനും പള്ളിക്കൂടത്തിൽ പോയി.
2. രാമനോ, കൃഷ്ണനോ ഇതിലെ പോയി.
3. കൃഷ്ണൻ നന്നേ പഠിച്ചു എങ്കിലും തോറ്റുപോയി.
4. മാധവൻ ജയിക്കും എന്നു് അവന്റെ വാദ്ധ്യാർ പറഞ്ഞു.

ഇവിടെ,

1-ാമത്തെ വാക്യം പരമാർത്ഥത്തിൽ "രാമൻ പള്ളിക്കൂടത്തിൽ പോയി", "കൃഷ്ണൻ പള്ളിക്കൂടത്തിൽ പോയി" എന്നീ രണ്ടു വാക്യങ്ങളും ചേർന്നുണ്ടായിട്ടുള്ളതാകുന്നു. 'രാമൻ', 'കൃഷ്ണൻ' എന്നീ പദങ്ങൾക്കുമധ്യേയുള്ള 'ഉം' ഇവയെ ഒന്നിച്ചുചേർക്കുന്നു. ഈ 'ഉം' രണ്ടു പദങ്ങളെ ചേർക്കുന്നതായി തോന്നുന്നു. എങ്കിലും അർത്ഥം വിചാരിക്കുമ്പോൾ പദങ്ങളെ അല്ല മുൻ പറഞ്ഞ വാക്യങ്ങളെ ആണു് രചിക്കുന്നതു്.

2-ാമത്തെ ഉദാഹരണത്തിൽ "രാമൻ ഇതിലേ പോയി", "കൃഷ്ണൻ ഇതിലേ പോയി" എന്നീ രണ്ടു സംഗതികൾ സൂചിപ്പിക്കപ്പെട്ടുന്നു. എങ്കിലും രണ്ടിൽ ഒന്നേ സംഭവിച്ചുള്ളൂ എന്നും അതിൽ സംഭവിച്ചതേതെന്നു നിശ്ചയമില്ലെന്നും 'ഓ' ദ്യോതിപ്പിക്കുന്നു. ഈ 'ഓ' 1-ാം ഉദാഹരണത്തിലെ 'ഉം' എന്നതിനെപ്പോലെ രണ്ടു വാക്യങ്ങളെ യോജിപ്പിക്കയല്ലാ ചെയ്യുന്നതു്, വേർതിരിക്കയാകുന്നു അതു വരുത്തുന്ന അർത്ഥം. 'ഒന്നുകിൽ

രാമൻ അല്ലെങ്കിൽ കൃഷ്ണൻ' എന്നു് ഒരാളെ വേർതിരിച്ചു പറകയാകുന്നു.

3-ാമത്തെ ഉദാഹരണത്തിൽ വാക്യങ്ങൾ രണ്ടും പ്രത്യക്ഷങ്ങളായിത്തന്നെ ഇരിക്കുന്നു. അവയിൽ ആദ്യത്തെ വാക്യം കേൾക്കുമ്പോൾ കൃഷ്ണൻ ജയിക്കും എന്ന ഊഹമാണു് തോന്നാനിടയുള്ളതു്. എന്നാൽ പരമാർത്ഥത്തിൽ ഫലം വിപരീതമാണു്. ആകയാൽ 'എങ്കിലും' എന്ന പദം രണ്ടു വാക്യങ്ങളുടേയും മദ്ധ്യേ നിന്നു കൊണ്ടു് അവയുടെ വിപരീതസംബന്ധത്തെ കാണിക്കുന്നു.

4-ാമത്തെ ഉദാഹരണത്തിലും വാക്യങ്ങൾ രണ്ടും പ്രത്യക്ഷമായിരിക്കുന്നു. 3-ാം ഉദാഹരണത്തിലെ 'എങ്കിലും' രണ്ടു സംഗതികളുടെ വിപരീതഭാവത്തെ സൂചിപ്പിക്കുന്നതായിരിക്കെ ഇതിലെ 'എന്നു' വാദ്ധ്യാർ പറഞ്ഞതു് കൃഷ്ണൻ ജയിക്കും എന്നതന്നെയാണു്. എന്നുള്ള അഭേദസംബന്ധത്തെ കുറിക്കുന്നു. വാക്യമദ്ധ്യേ നിന്നും കൊണ്ടു് ഇപ്രകാരം രണ്ടു വാക്യങ്ങളെ തമ്മിൽ ബന്ധിക്കുന്ന 'ഉം', 'ഓ', 'എങ്കിലും', 'എന്നു' ഇത്യാദി പദങ്ങളെ ഘടകങ്ങൾ (ഘടിപ്പിക്കുന്നവ=ചേർക്കുന്നവ) എന്നു പറയുന്നു.

അഭ്യാസം 22.

താഴെ ചേർത്തിരിക്കുന്ന വാക്യങ്ങളിൽ കാണുന്ന ഘടകങ്ങളെ എടുത്തെഴുതി അവ എന്തു സംബന്ധത്തെ വെളിവാക്കുന്നു എന്നുകൂടി കഴിയുന്നിടത്തോളം പറക:—

1 രാമനും കൃഷ്ണനും പരീക്ഷയിൽ ജയിച്ചു 2 രാമനോ കൃഷ്ണനോ പരീക്ഷയിൽ ജയിച്ചു 3 രാമനാകട്ടെ കൃഷ്ണനാകട്ടെ പരീക്ഷയിൽ ജയിച്ചില്ല 4 ഒന്നുകിൽ രാമൻ അല്ലെങ്കിൽ കൃഷ്ണൻ പരീക്ഷയിൽ ജയിച്ചു 5

DHARMARAM COLLEGE LIBRARY 23343

രാമൻ പരീക്ഷയിൽ ജയിച്ചു; എന്നാൽ കൃഷ്ണൻ ജയിച്ചില്ല. 6 കൃഷ്ണൻ പരീക്ഷയിൽ ജയിച്ചില്ല; അതുകയാൽ അവനു വളരെ വ്യസനമുണ്ട്; 7 മകൻ പരീക്ഷയിൽ ജയിച്ചു എന്നു് രാമന്റെ അച്ഛൻ കേട്ടു സന്തോഷിച്ചു 8 ഞാൻ സമയത്തിനു പള്ളിക്കൂടത്തിൽ എത്തി; ഇല്ലെങ്കിൽ അടി കൊള്ളുമായിരുന്നു; 9 വഴിയിൽനിന്നു കിട്ടിയ വസ്തു ഉടമസ്ഥനു തിരികെ കൊടുക്കണം; അല്ലെങ്കിൽ വളരെ ദോഷമുണ്ടു് 10 ഞാൻ സമയത്തിനു ചെന്നെങ്കിൽ വാദ്ധ്യാർ എന്നെ കുറെ പറകയില്ലായിരുന്നു. 11 രാമന്റെ പുസ്തകം മോഷണം പോയതുകൊണ്ടു് അവനു വളരെ വ്യസനമുണ്ടു്; 12 അച്ഛൻ കുട്ടനെ അടിച്ചതുകൊണ്ടു് അവൻ കരഞ്ഞു; 13 കുട്ടികളെ അധികം അടിക്കരുതു്; എന്തെന്നാൽ അടികൊം തോറും അടിയുടെ മാനം കുറഞ്ഞുപോകും 14 നാം ഉണ്ടെങ്കിലേ നമുക്കു വയർ നിറയു; 15 അവനോടു പറഞ്ഞു; എന്നിട്ടും അവൻ വന്നില്ല 16 ഭീമനെ കീചകനേ കൊല്ലു.

20. 'ഗതി' ഒരു നാമത്തെ മറെറാരു പദത്തോടു സംബന്ധിപ്പിക്കുന്നു. 'ഘടകം' ഒരു വാക്യത്തെ മറെറാരു വാക്യത്തോടു സംബന്ധിപ്പിക്കുന്നു. എന്നാൽ ഇവ രണ്ടും ഈ സംബന്ധത്തെ തുറന്നു പറയുന്നില്ല. (ദ്യോതിപ്പിക്കുസൂചകമായി തോന്നിക്കുക) മാത്രമേ ചെയ്യുന്നുള്ളു. എന്നാൽ താഴെ വരുന്ന വാക്യങ്ങളെ പരിശോധിക്കുക.

1. അയ്യോ! എന്റെ പണം കണ്ടില്ലേ!
2. ഛീ, മൂർഖ എന്തു പറഞ്ഞു?
3. ശിവ! ശിവ! എന്നെ എല്ലാവരും ഉപേക്ഷിച്ചല്ലോ.
4. അവർ രണ്ടുപേരും തമ്മിൽ പിടിക്കുന്നു. അയ്യേ! കാണാൻ എന്തൊരു രസം.

ഇവിടെ 1–ാംവാക്യത്തിൽ 'അയ്യോ' എന്ന പദം തൽക്കാലത്തിൽ വക്താവിനു (സംസാരിക്കുന്നയാളിനു) മനസ്സിൽ എത്രമാത്രം വ്യസനവും ഇച്ഛാഭംഗവും ഉണ്ടെന്നുള്ളതിനെ സൂചിപ്പിക്കുന്നു.

2–ാംവാക്യത്തിലെ 'ഛീ' എന്ന പദം ആരോടു സംസാരിക്കുന്നോ അയാളിനോടു വക്താവിനുള്ള പുച്ഛരസത്തേയും കോപത്തേയും ദ്യോതിപ്പിക്കുന്നു.

3–ാംവാക്യത്തിലെ 'ശിവ! ശിവ!' എന്നതു് വക്താവിന്റെ തൽക്കാലത്തെ വ്യസനത്തേയും നിരാശയേയും സൂചിപ്പിക്കുന്നു.

4–ാംവാക്യത്തിലെ 'അയ്യ' എന്നതു് പറഞ്ഞു വെളിവാക്കാൻ സാധിക്കാത്തതായ ഒരു മാതിരി ആനന്ദത്തെ ദ്യോതിപ്പിക്കുന്നു.

ചുരുക്കത്തിൽ ഓരോന്നും വക്താവിന്റെ തൽക്കാലത്തെ മനോവികാരത്തെ കാണിക്കുന്ന ഈ പദങ്ങളം ഇല്ലെങ്കിലും മേല്പറഞ്ഞ വാക്യങ്ങൾക്കു് അർത്ഥപൂർണ്ണതയില്ലാതെ വരികയില്ല. അവ വക്താവിന്റെ മനോവികാരരൂപമായ ഒരു വിശേഷാർത്ഥത്തെക്കൂടി കാണിക്കുന്നു.

വാക്യത്തിൽ എവിടെയെങ്കിലും ഒരു ഭാഗത്തു നിന്നുംകൊണ്ടു് വക്താവിന്റെ തൽക്കാലമനോവികാരരൂപത്തെ ദ്യോതിപ്പിക്ക മാത്രം ചെയ്യുന്ന ഈ മാതിരി പദങ്ങളെ * വ്യാക്ഷേപകം എന്നു പറയുന്നു.

---

* ഉള്ളിലുള്ള വികാരത്തെ വാക്യമധ്യത്തിൽ എടുത്തെറിഞ്ഞാലെന്നപോലെ ദ്യോതിപ്പിക്കുന്നതിനാൽ ഈ പേർ വ്യാജിക്കുന്നു. ക്ഷേപിക്ക—എറിയുക.

അഭ്യാസം 23.

താഴെ വരുന്ന വാക്യങ്ങളിലെ 'വ്യാക്ഷേപക'ങ്ങളെ എടുത്തു പറക:—കഴിയുന്നിടത്തോളം ഓരോന്നും എന്തു മനോവികാരത്തെ സൂചിപ്പിക്കുന്നു എന്നും പറക:—

1 അയ്യോ! എന്നെ കൊല്ലുന്നേ! 2 ഹോ! എന്തൊരു ചൂടാണു്! 3 ശിവ ശിവ! അവിടത്തെ ഭ്രകമ്പം ഒന്നും പറയാനില്ല. 4 കഷ്ടം! അവൻ തോറ്റുപോയല്ലൊ! 5 എയ് അയാളം ഞങ്ങിനെ പറഞ്ഞോ? 6 ഫോ! നിനക്കിതു മുഷ്ടായോ? 7 നിൽക്ക! നിൽക്ക! ഞാൻതന്നെ ബോദ്ധ്യപ്പെട്ടുത്താം. 8 എന്റെ സ്വാമി! എന്നെ ചതിക്കല്ലേ 9 മതി! മതി! നിന്റെ വാക്കു് കേട്ടതെല്ലാം മതി! 10 എന്റെ പൊന്നേ! എനിക്കു വയ്യേ. 11 വരട്ടെ! വരട്ടെ! അതിന്റെശേഷം ഞാൻ പറയാം! 12 പോട്ടെ. അവൻ ജീവിച്ചല്ലോ. 13 ഉവ്വ്! ഉവ്വ്! ഞാൻ അറിയുമോ. 14 ഓഹോ! ഞാൻ പണ്ടേതന്നെ അറിയുമേ. 15 ഓ കൊള്ളാമെ! നല്ല മീട്ടുക്കൻതന്നെ. 16 പോട! നിന്റെ പിട്ടൊക്കെ എന്നോടാണോ എടുക്കുന്നതു്? 17 അമ്പമ്പ! അവന്റെ ഒച്ച. 18 പത്മനാഭാ നീതന്നെ അറിയണം. 19 എന്റെ ദൈവമേ! ഒരുത്തനേയും ഇങ്ങനെയിട്ടു വലയ്ക്കരുതേ 20 അല്ലാ ഇതാരാ? എവിടെനിന്നു വരുന്നു? 21 അയ്യോ! അവനെ തൊടരുതെ! 22 കൊള്ളാം! നല്ല നടപടിതന്നെ. 23 നല്ലതു്! പിന്നെയാവട്ടെ. 24 ഛേഷ്! അവൻ എങ്ങിനെയും ജയിച്ചല്ലോ. 25 ഛേ! അങ്ങിനെ വരുമോ? 26 ഓഹോ! അതൊന്നും എന്നോടൊട്ടുക്കണ്ട! 27 ഇരിക്കട്ടെ! ഞാൻ നോക്കിക്കൊള്ളാം. 28 ആഹാ! ഞാൻ വച്ചിരുന്ന

പത്രം കണ്ടില്ലല്ലോ. 29 കൊള്ളാമല്ലോ! ഇതു വെള്ള-രിക്കാപ്പട്ടണമോ? 30 ഹഹഹ! വെട്ടൊന്നു തുണ്ടം രണ്ടു്.

21. ഗതി, ഘടകം, വ്യാക്ഷേപകം എന്നിങ്ങനെ പുതുതായി മൂന്നു വക പദം നാം കണ്ടുവല്ലോ. ഇവ-യെല്ലാം ഒരു സംഗതിയിൽ ഒരുപോലെ ഉള്ളവ ആകുന്നു. നാമം, കൃതി, ഭേദകം എന്നിവയെപ്പോലെ അവ ഒരു വസ്തുവിനെ ചൂണ്ടിക്കാണിക്കുന്നില്ല. വാക്യങ്ങളുടെയൊ പദങ്ങളുടെയൊ അന്യോന്യസംബന്ധത്തെ കുറിക്കുന്ന-തേയുള്ളു. അതിനാൽ രണ്ടിനങ്ങളേയും വേർതിരിച്ചു കാണിക്കാൻ വേണ്ടി പേരുകൾ ഏർപ്പെടുത്തിയിട്ടുണ്ടു്. ഒരു വസ്തുവിനെ കുറിക്കുന്ന (വചിക്കുന്ന) നാമം, കൃതി, ഭേദകം എന്ന മൂന്നു ജാതി പദങ്ങളും വാചകങ്ങൾ. ഒരു സംബന്ധത്തെ ദ്യോതിപ്പിക്കുന്ന ഗതി, ഘടകം, വ്യാ-ക്ഷേപകം എന്ന മൂന്നുവക പദങ്ങളും ദ്യോതകങ്ങൾ.

അദ്ധ്യായം 5.

സർവ്വനാമം.

22. നാം ഇതുവരെ തരം തിരിച്ച നാലുജാതി-പ്പദങ്ങളും ഒന്നിനൊന്നു് ഭിന്നങ്ങളായുള്ളവയാകുന്നു. എ-ന്നാൽ ഭിന്നമായിരിക്കാതെ ഒരു ജാതിക്കു പകരം നിൽ-ക്കാവുന്നതായും പദങ്ങൾ ഉണ്ടു്.

ഉ ദാ. 1. ഞാൻ പത്രവിനെ കണ്ടു.

2. നീ പുസ്തകം എടുത്തോ?

3. രാമൻ വരില്ല; അവൻ വീട്ടിൽ പോയി.

4. ദേവകിക്ക് ദിനവും; അവൾ മരുന്ന സേവിക്കുന്നു.

5. രാമനും കൃഷ്ണനും അകത്തുണ്ട്; അവർ ഉണ്ണുന്നു.

6. പട്ടി രാമനെ കടിച്ചു; അത് ഓടിക്കളഞ്ഞു.

ഞാൻ:—ഒരാൾ സംസാരിച്ചുകൊണ്ടിരിക്കുന്ന എന്നിരിക്കട്ടെ. അപ്പോൾ അയാൾ തന്നെത്താൻ പേരു പറഞ്ഞു സംസാരിക്കയില്ല. "ഞാൻ" എന്ന പദത്തെ ഉപയോഗിക്കുന്നു. അതുകയാൽ "ഞാൻ" എന്നതു സംസാരിച്ചുകൊണ്ടിരിക്കുന്ന ആളിനെ സദാ കുറിക്കുന്നു. ഇതിനു് ആശംഭേദമില്ല. അതുകൊണ്ടു് അവനവനെ ഉദ്ദേശിച്ചു് "ഞാൻ" എന്നു പ്രയോഗിക്കാം.

നീ:—ഇതു് ആരോടു നാം സംസാരിക്കുന്നുവോ അയാളിനെ സദാ കുറിക്കുന്നു. ഇതിനും ആശംഭേദമില്ല. അതുകൊണ്ടു് ആരെ ഉദ്ദേശിച്ചും ഇതിനെ ഉപയോഗിക്കാം.

അവൻ:—ഇതു് ഒരിക്കൽ പേരു പറഞ്ഞുകഴിഞ്ഞ ഒരു പുരുഷനു പകരം നിൽക്കുന്നു. 3-ാം ഉദാഹരണത്തിൽ 'രാമൻ' എന്നതിനു പകരമാണു നിൽക്കുന്നതു്. ഇതിന്റെ ഉപയോഗം ഒരിക്കൽ പറഞ്ഞ പേരിനെ വീണ്ടും ആവർത്തിക്കാതിരിപ്പാൻ ഉതകുകയാകുന്നു.

അവൾ:—അതു് 'അവൻ' എന്നതിനെപ്പോലെ മുമ്പു പേരു പറഞ്ഞു കഴിഞ്ഞയാളിനു പകരം നില്ക്കുന്നു. എന്നാൽ ഒരു സ്ത്രീയെയാണു് പുരുഷനെയല്ല കുറിക്കുന്നതു്. 4-ാം ഉദാഹരണത്തിലെ 'അവൾ' 'ദേവകി' എന്നതിനു പകരം നിൽക്കുന്നു.

അവർ:—ഇതു് ഒന്നിലധികം ആളുകളെ ഉദ്ദേശിച്ചു് ഉപയോഗപ്പെടുത്തുന്നു. 5-ാം ഉദാഹരണത്തിലെ

'അവർ' എന്നതു് 'രാമൻ', 'കൃഷ്ണൻ' എന്നീ രണ്ടുപേർക്കും പകരം നിൽക്കുന്നു. ഇതിനു് സ്ത്രീകൾക്കു പകരമോ, സ്ത്രീകൾക്കും പുരുഷന്മാർക്കും പകരമോ നിൽക്കാം.

അതു്:—ഈ പദം സാധാരണയായി ജീവനില്ലാത്ത വസ്തുക്കൾക്കു പകരം നിൽക്കുന്നു. സ്ത്രീപുരുഷഭേദം ഉദ്ദേശിച്ചിട്ടില്ലാത്തപ്പോൾ ജീവനുള്ള വകകൾക്കു പകരം നിൽക്കുന്നു. 6-ാം ഉദാഹരണത്തിൽ ഇതു് 'പട്ടി' എന്നതിനു പകരം നിൽക്കുന്നു.

ചുരുക്കത്തിൽ ഇവയെല്ലാം നാമങ്ങളെ ആവർത്തിക്കാതിരിപ്പാൻ ഉതകുന്നു.

"രാമൻ അവന്റെ പുസ്തകം എടുത്തു് അവന്റെ അനുജത്തിക്കു കൊടുത്തു" എന്നോ, സീത രാമനോടു പറയുമ്പോൾ "ഞാൻ നിന്നെ വിട്ടു പിരിഞ്ഞിരിക്കയില്ല; ഞാൻ നിന്നോടുകൂടി വരും" എന്നോ പറയുന്നതിനു പകരം "രാമൻ രാമന്റെ പുസ്തകം എടുത്തു് രാമന്റെ അനുജത്തിക്കു കൊടുത്തു" എന്നും, "സീത രാമനെ വിട്ടു പിരിഞ്ഞിരിക്കയില്ല; സീത രാമനോടുകൂടി വരും" എന്നും പറഞ്ഞാൽ ആ വാക്യങ്ങൾക്കു ഭംഗി പോരെന്നു സ്പഷ്ടമായിത്തന്നെയിരിക്കുന്നു.

ഒരു നാമത്തെ ആവർത്തിക്കാതിരിപ്പാനായി ഇപ്രകാരം ഉപയോഗിക്കുന്ന പദത്തെ സർവ്വനാമം എന്നു പറയുന്നു. പ്രധാനപ്പെട്ട സർവ്വനാമങ്ങളെ താഴെ ചേർത്തിരിക്കുന്നു.

ഞാൻ, ഞങ്ങൾ, നാം, നീ, നിങ്ങൾ, താൻ തങ്ങൾ, അവൻ, അവൾ, അവർ, അതു, അവ, ഇവൻ, ഇവൾ, ഇവർ, ഇവ, ഏവൻ, ഏവൻ, ഏവൾ, ഏവൾ, ഏവർ, ഏവർ, ഏതു്, ഏതു്, ഏവ, ഏവ,

ഒന്ന്°, ഒരുത്തൻ, മറ്റവൻ, മറ്റവൾ, മറ്റവർ, മറ്റത്ത്°, മറ്റവ, മറവുള്ളവർ, മറവുള്ളത്ത്°, മറവുള്ളവ, യാവൻ, യാവൾ, യാവർ, യാതൊന്ന്°, ആർ, എന്ത്°, ഒരുവൻ, എല്ലാവരും, പലർ, ചിലർ, എല്ലാം, ഒക്കെ, മിക്കതും, മിക്കവർ.

അഭ്യാസം 24.

താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ സർവ്വനാമങ്ങളായുള്ള പദങ്ങളും ഏതെന്നും, കഴിയുന്നിടത്തോളം അവ ഏതു നാമങ്ങൾക്കു പകരം നിൽക്കുന്നു അല്ലെങ്കിൽ ഏതു നാമങ്ങളെ പരാമർശിക്കുന്നു എന്നും പറക:—

1 രാമൻ എന്നെ വിളിച്ചു 2 നീ വാല്യാരെ കണ്ടുവോ? 3 ഞങ്ങൾ പോകുന്നില്ല 4 നിങ്ങൾ ആരോടു സംസാരിച്ചു? 5 അമ്മാവൻ നിന്നെ ഇന്നലെ കണ്ടുപോൽ 6 മാധവൻ വിറകു കീറുകയായിരുന്നു; അവൻ ക്ഷീണിച്ചുപോയി 7 കരിമ്പു് ഒരു സാധനമാകുന്നു; അതു് ആറരുകിൽ നല്ലപോലെ ഉണ്ടാകും 8 രാമനും ലക്ഷ്മണനും സീതയെ അന്വേഷിച്ചു പോയി; എന്നാൽ അവർ അവളെ എങ്ങും കണ്ടില്ല 9 അവനവൻ ചെയ്യാനുള്ള വേലയെ അവനവൻതന്നെ ചെയ്യാലെ അതു ശരിയായി നടക്കൂ 10 നീ കുട്ടികളുടെ സ്നേഹത്തെ സമ്പാദിക്കുക; അപ്പോൾ അവർ നിന്നെ നിസ്സംശയം അനുസരിക്കും 11 തനിക്കു തോന്നിയതുപോലെ പ്രവർത്തിക്കുന്നവനെ താന്തോന്നി എന്നു പറയുന്നു. 12 ഒരുവൻ തനിച്ചു വഴിയാത്ര പോകരുതു്; എന്തെന്നാൽ വഴിമദ്ധ്യേ ഒരുവനു വല്ല അവശതയും ഉണ്ടായാൽ അപ്പോൾ സഹായത്തിനു് ആരും ഉണ്ടായിരിക്കയില്ല 13

നീ ആരെ ഉപദ്രവിച്ചാലും നിന്നെ ആരും ഉപദ്രവിച്ചു-
ക്കുടെന്നാകുന്ന നിൻെറ വിചാരം. 14 കുട്ടികളോടു വാ-
ത്സല്യമുള്ള വാദ്ധ്യാർ അവരുടെ ആവശ്യങ്ങളെ അറി-
ഞ്ഞു് അവയെ സാധിച്ചുകൊടുക്കും; അപ്പോൾ കുട്ടികൾ
അവരെ സ്നേഹിക്കുകയും ചെയ്യും 15 ഒരുത്തൻ ഒരു
നല്ല കായ്ത്തിൽ പ്രവേശിച്ചാൽ അവൻെറ പ്രയത്നത്തെ
വിഫലമാക്കുന്നതിനു പലരും ഉണ്ടാകും 16 എല്ലാവരും
സത്യം പറയണം 17 അവിടെ അന്നു വളരെ
ജനങ്ങൾ കൂടി; എന്നാൽ ഉച്ചതിരിഞ്ഞപ്പോഴേക്കും
മിക്കവരും പൊയ്പ്പോയ്ക്കളഞ്ഞു 18 ഏവൻ കള്ളം ചെയ്യുന്നു-
വോ അവനു ഗുണമുണ്ടാകയില്ല 19 രാമനും കൃഷ്ണനും
കൂടി കാലത്തു് ഇവിടെ വന്നു സല്പം സംസാരിച്ചശേഷം
എളപ്പം വന്നേക്കാമെന്നു പറഞ്ഞു് അവർ അടുത്തൊരു
ദിക്കിൽ പോയി; പിന്നെ ഞാൻ ഇതുവരെ കണ്ടതുമില്ല.
20 സ്ഥലത്തെ ഉത്സവത്തിൽ തിരുവനന്തപുരത്തുനിന്നു
പലരും വന്നിരുന്നു; എന്നാൽ ചിലരെ ഇവിടെ വന്നുള്ളൂ
21 യാതൊരുത്തൻ അന്യൻെറ ദുഃഖം അറിയുന്നില്ലയോ
അവനെ പൊതുജനങ്ങൾ വെറുക്കും; ആകയാൽ നാം
നമ്മുടെ പ്രവൃത്തികളിൽ കരുതലുള്ളവരായിരിക്കണം
22 മുതിരപ്പറമ്പിലെ മൂപ്പരു് മകനായ കേശവക്കുറു-
പ്പിനെ വിളിച്ചു പറയുന്നു:—

"എടാ കുഞ്ഞേ, ഞാൻ നിൻെറ അമ്മയെക്കൊ-
ണ്ടുവന്നതു് എനിക്കു പത്തു നാല്പതു വയസ്സു പ്രായം
ചെന്നതിൻെറ ശേഷം ആയിരുന്നു. എന്നാൽ നിനക്കു്
ഒരു കുഞ്ഞുണ്ടായിക്കണ്ടതിനുമേൽ മരിച്ചാൽ കൊള്ളാ-
മെന്നു് എനിക്കു വൻകൊതിയുണ്ടു്. ഞാൻ നിനക്കു് ഒരു
പെണ്ണിനെ കണ്ടു നിശ്ചയിച്ചിട്ടുണ്ടു് ആരെ ആണെ-

ന്നോ? നമ്മുടെ സുമതിയെത്തന്നെ. കണ്ടാലുംകൊള്ളാം. വീട്ടുകാര്യം നോക്കാൻ അവൾ കുട്ടുകുട്ടിയാണു്. ഈ പ്രായത്തിൽ വേറെ ആക്കു് ഇത്ര നോട്ടം കാണും? അവൾ എന്റെ മരുമകളാണു്. ഒരിക്കൽ ഞാനും അവളുടെ അച്ഛനായ മച്ചുണ്ണനും തമ്മിൽ പിണങ്ങി. അതിന്റെ വാശികൊണ്ടു് അയാൾ ഇവിടെനിന്നു പുറപ്പെട്ടുപോയി. അതിന്റെശേഷം അവളെ ഞാനാണു് എടുത്തു വളർത്തിയതു്. നീ അവളെ സംബന്ധം ചെയ്യണം. ഞാൻ എത്രയോ കാലമായി ഇതിനെപ്പറ്റി ആലോചിയും പകലും വിചാരിച്ചുവരുന്നു."

അഭ്യാസം 25.

താഴെ കൊടുത്തിട്ടുള്ള വാക്യങ്ങളിൽ നാമങ്ങൾക്കു പകരം ആകാവുന്ന ഭാഗങ്ങളിൽ സർവ്വനാമങ്ങളെ ചേർക്കുക:—

1. രാമാ! രാമനു പനി ഭേദമാകണമെങ്കിൽ രാമൻ മരുന്നു സേവിക്കണം

2. കുട്ടപ്പൻ ഗൌരിയെ കണ്ടപ്പോൾ ഗൌരിയുടെ അച്ഛൻ വീട്ടിൽ ഉണ്ടോ എന്നു ചോദിച്ചു. അച്ഛൻ വീട്ടിൽ ഇല്ലെന്നു ഗൌരി മറുപടി പറഞ്ഞു.

3. കുട്ടികൾ കുട്ടികളുടെ അദ്ധ്യാപകൻ പറയുന്നതിനെ അനുസരിക്കണം. എന്നാലേ കുട്ടികൾക്കു മേലിൽ ഗുണമുണ്ടാകയുള്ളൂ.

4. കൃഷ്ണൻ ഒരു കല്ലെടുത്തു് എറിഞ്ഞു. ആ കല്ലു് അടുത്തുണ്ടായിരുന്ന ഒരു കുടത്തിന്മേൽ കൊണ്ടു. ഉടനെ ആ കുടം ഉടഞ്ഞുപോയി. ഈ വിഷയം കൃഷ്ണന്റെ അച്ഛൻ കൃഷ്ണനെ ശാസിച്ചു.

5. രാമന്റെ സോദരിയെ മാധവൻ വിവാഹം കഴിച്ചാൽ രാമൻ തന്റെ സോദരിക്കു് ആഭരണങ്ങളും മാധവനു കുറെ പണവും കൊടുക്കാമെന്നു പറഞ്ഞു.

6. കൃഷ്ണൻ അച്ഛനോടു പറഞ്ഞു:— "അച്ഛാ! അച്ഛൻ ഈ മകനെ വേണ്ടുംവണ്ണം വളത്തിയിരുന്നു എങ്കിൽ ഈ മകനു് ഈ അവസ്ഥ വരികയില്ലായിരുന്നു. ഇപ്പോൾ ഈ മകൻ വേണ്ടുവോളം അനുഭവിച്ചുകഴിഞ്ഞു. ഇനി ഈ മകൻ അച്ഛന്റെ അനുഗ്രഹത്തോടുകൂടി വേണ്ടതുപോലെ ഇരിക്കും. അപ്പോൾ അച്ഛനും ഈ മകനും സന്തോഷമുണ്ടാകും.

അദ്ധ്യായം ആറു്.

വ്യാകരിപ്പു്.

23. വാക്യത്തെ ക്രമേണ വളത്തി പദങ്ങളെ തരംതിരിച്ചതിൽ നാമം, കൃതി, നാമവിശേഷണം, കൃതിവിശേഷണം, വിശേഷണവിശേഷണം, ഗതി, ഘടകം, വ്യാക്ഷേപകം, സർവ്വനാമം എന്നു് ഒമ്പതു് ഇനങ്ങളും നമുക്കു കിട്ടി. ഇതുകളിൽ വിശേഷണം മൂന്നുമാതിരിയുള്ളതിനെ എല്ലാംകൂടി ഒന്നുചേർത്തു് 'ഭേദകം' എന്നു് ഒരൊറ്റ ഇനമാക്കി. അതുപോലെ 'സർവ്വനാമം' എന്നതും, നാമത്തിനു പകരം നില്ക്കുന്നതാകയാൽ 'നാമം' എന്ന ഇനത്തിൽ ഉൾപ്പെടുന്നതേയുള്ളൂ. സർവ്വനാമത്തിന്റേയും (എല്ലാത്തിന്റേയും നാമം (പേർ) ആകാവുന്ന സർവ്വനാമം എന്നുള്ള പേർതന്നെ ഈ സംഗതിയെ സ്പഷ്ടമാക്കുന്നു. ഇങ്ങനെ ചിലതുകളെ ഉൾപ്പിരിവായി സ്വീകരിച്ചാൽ നാമം, കൃതി, ഭേദകം, ഗതി, ഘടകം, വ്യാക്ഷേപകം എന്ന മൊത്തത്തിൽ പദങ്ങൾ ആറു ജാതിയേ ഉള്ളൂ എന്നു വരുന്നു. ഇവയിലും നാമം, കൃതി,

ഭേദകം എന്നു് ആദ്യത്തെ മൂന്നിനങ്ങളും വാചകങ്ങളും, ഗതി, ഘടകം, വ്യാക്ഷേപകം എന്ന ശേഷം മൂന്നിനങ്ങളും ദ്യോതകങ്ങളും എന്നു് ഒരു തരംതിരിപ്പുകൂടി ചെയ്യാമെന്ന 21-ാം വകുപ്പിൽ നാം കണ്ടു. ഈ വിഭാഗങ്ങളെ എല്ലാം താഴെ എഴുതുന്ന പട്ടികകൊണ്ടു ചുരുക്കിക്കാണിക്കാം.

1. വാചകം
   - 1. നാമം
     - 1. സാധാരണനാമം
     - 2. സർവനാമം
   - 2. കൃതി
   - 3. ഭേദകം
     - 1. നാമവിശേഷണം
     - 2. കൃതിവിശേഷണം
     - 3. വിശേഷണവിശേഷണം

2. ദ്യോതകം
   - 4. ഗതി
   - 5. ഘടകം
   - 6. വ്യാക്ഷേപകം

ഏതു വാക്യത്തിലുള്ള പദങ്ങളേയും തരംതിരിച്ചാൽ ഈ പട്ടികയിൽ വിവരിച്ചിട്ടുള്ള ഇനങ്ങളിൽ ഒന്നിൽ ചേരാതിരിക്കയില്ലെന്നു നിങ്ങൾ അനുഭവംകൊണ്ടു കാണും. ഉദാഹരണത്തിനായി താഴെ എഴുതീയിരിക്കുന്ന ദീർഘമായ വാക്യമെടുത്തു പദങ്ങളെ തരംതിരിക്കാം:—

"ബുദ്ധിമാനായ രാജാവു് വിശ്വസ്തരായ തന്റെ ഭടന്മാരിൽ നാലുപേരോടുകൂടി പുറപ്പെട്ടു. അർദ്ധരാത്രിയിൽ ശത്രുക്കളുടെ പാളയത്തിൽ പ്രവേശിച്ചു. അനന്തരം അവരുടെ കിടപ്പും സ്ഥിതിയുമെല്ലാം അറിഞ്ഞുംകൊണ്ടു് അദ്ദേഹം പ്രഭാതത്തിനു മുമ്പു് സ്വസ്ഥാനത്തിൽ എത്തുകയും ചെയ്തു.

ബുദ്ധിമാനായ:—ഭേദകം 'രാജാവു്' എന്ന നാമത്തിന്റെ വിശേഷണം.

രാജാവു്:—നാമം. 'ഒന്നാമത്തെ വാക്യത്തിലെ ആഖ്യ.

വിശ്വസ്തരായ:—ഭേദകം 'ഭടന്മാരിൽ' എന്ന നാമത്തിന്റെ വിശേഷണം.

തന്റെ:—സ്വന്നാമം. രാജാവിനു പകരം നിൽക്കുന്നു.

ഭടന്മാരിൽ:—നാമം.

നാലു:—ഭേദകം. നാമവിശേഷണം.

പേരോടു്:—നാമം

ക്രൂദ്ധി:—ഗതി. 'പേരോടു്' എന്ന നാമത്തെ 'പുറപ്പെട്ടു' എന്ന പദത്തോടു സംബന്ധിക്കുന്നു.

പുറപ്പെട്ടു:—കൃതി.

അർദ്ധരാത്രിയിൽ:—നാമം

ശത്രുക്കളുടെ;—നാമം.

പാളയത്തിൽ:—നാമം.

പ്രവേശിച്ചു:—പ്രധാനമായ കൃതി.

അനന്തരം —ഘടകം.

അവരുടെ:—സർവനാമം. 'ശത്രുക്കളുടെ' എന്ന നാമത്തിനു പകരം നിൽക്കുന്നു.

കിടപ്പു്:—നാമം.

ഉം —ഘടകം.

സ്ഥിതി:—നാമം.

ഉം:—ഘടകം.

എല്ലാം:—സർവനാമം.

അറിഞ്ഞുകൊണ്ടു്:—കൃതി.

അദ്ദേഹം —സർവനാമം (അവൻ എന്നതിന്റെ ബഹുമാനരൂപം)

പ്രഭാതത്തിനു —നാമം.
മുൻപു:—ഗതി.
സപസ്ഥാനത്തിൽ:—നാമം.
എത്തുക:—കൃതി.
ഉം:—ഘടകം
ചെയ്തു:—കൃതി (പ്രധാനമായവ)

ഒരു വാക്യത്തിലുള്ള പദങ്ങളെ ഇപ്രകാരം തരംതിരിക്കുന്നതിനു വ്യാകരിപ്പു എന്നു പേർ പറയുന്നു.

അഭ്യാസം 26

താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിലെ പദങ്ങളെ നാമം, സർവനാമം, കൃതി, ഭേദകം, ഗതി, ഘടകം, വ്യാക്ഷേപകം എന്നിങ്ങനെ ജാതിതിരിച്ചു പറക:—

1. എല്ലാ മനുഷ്യർക്കും ഒരുപോലെ അറിവില്ല 2 അറിവു സമ്പാദിക്കാൻ എല്ലാവർക്കും കഴികയും ഇല്ല 3 എല്ലാവർക്കും സത്യത്തെ പാലിക്കാം 4 സത്യം വലുതായ ധർമ്മം ആകുന്നു 5 അതിനെ ആരും വെടിയരുതു് 6 നാം നമ്മുടെ മാതാപിതാക്കന്മാരെ സ്നേഹിക്കണം. 7 അതു നമ്മുടെ ധർമ്മമാകുന്നു. 8 അവർ നമ്മെ പെറുവളർത്തി. 9 നമ്മെ വിദ്യ അഭ്യസിപ്പിക്കുന്ന ഗുരുക്കന്മാരെ നാം അതിൽ അധികം സ്നേഹിക്കണം 10 എന്തെന്നാൽ അവർ നമ്മുടെ ആത്മാവിനെ പ്രകാശിപ്പിക്കുന്നു 11 ഈ രണ്ടുകൂട്ടരേയുംകാൾ അധികമായി നാം ദൈവത്തെ സ്നേഹിക്കണം 12 ദൈവസൃഷ്ടികളെ നാം സ്നേഹിച്ചു എങ്കിൽ അതു ദൈവത്തെ സ്നേഹിക്കുന്നതുപോലെ ആകുന്നു 13 കണ്ണുകൊണ്ടു കാണാവുന്ന വസ്തുക്കളിലും, കാണുകൂടാത്ത വസ്തുക്കളിലും, ഇളകുന്ന വസ്തുക്കളിലും ഇളകാത്ത വസ്തുക്കളിലും ദൈവം ഒരുപോലെ വസിക്കുന്നു 14 സ്നേഹത്തോളം വലുതായി

ലോകത്തിൽ മറ്റു യാതൊന്നും ഇല്ല 15 സ്നേഹം എല്ലാ റ്റിനേയും ജയിക്കുന്നു 16 എന്നാൽ സ്നേഹം പരമാർത്ഥമായ സ്നേഹം ആയിരിക്കണം 17 നാം ഒരിക്കലും കോപിക്കരുതു് 18 കോപം വളരെ ദോഷകരമായിട്ടുള്ളതാകുന്നു. 19 പരമാർത്ഥമായ സ്നേഹം ഉള്ളവക്കു കോപം ഉണ്ടാകയില്ല 20 കോപത്തെ ജയിക്കണമെങ്കിൽ ജ്ഞാനം ഉണ്ടാകണം 21 ജ്ഞാനം ഉണ്ടാകുന്നതിനു് നാം പുസ്തകങ്ങളം വായിക്കണം 22 എന്നാൽ അതു മാത്രം പോരാ 23 ലോകത്തിൽ ഉണ്ടാകുന്ന സംഭവങ്ങളേയും നല്ലപോലെ നോക്കി ചിന്തിക്കണം 24 അവയുടെ സൂക്ഷ്മം മനസ്സിൽ ആകുമ്പോൾ കാര്യങ്ങളം ഏതുപ്രകാരം സംഭവിക്കുന്നു എന്നു് അറിയാം. 25 ഇതിനെ ജ്ഞാനം എന്നു് അറിവുള്ളവർ പറയുന്നു 26 ജ്ഞാനം ഉണ്ടാകുമ്പോൾ മനസ്സിനു സമാധാനം തനിയെ ഉണ്ടാകും 27 മനസ്സമാധാനം കോപത്തെ അശേഷം നശിപ്പിക്കുന്നു 28 ജ്ഞാനം ഉണ്ടാകുമ്പോൾ കോപഹേതുവായ മോഹവും ക്രമപ്പെട്ടും 29 കോപം, മോഹം മുതലായ വികാരങ്ങൾ അടങ്ങുമ്പോൾ സമചിത്തത ഉണ്ടാകുന്നു 30 സമചിത്തത എല്ലാറ്റിനേയും ഒരുപോലെ വിചാരിക്കുന്ന ബുദ്ധിയാകുന്നു 31 ഇതു് ഉണ്ടാകുമ്പോൾ സുഖദുഃഖഭേദം ഇല്ല 32 ഈ അവസ്ഥ മോക്ഷം ആകുന്നു. 33 ജീവൻ ഉള്ള കാലംവരെ അധ്വാനം ചെയ്യാതെ കഴികയില്ല 34 മടി ജീവനു ഹാനിയെ ചെയ്യുന്നു; അതിനാൽ നാം ഒരിക്കലും മടിയായിരിക്കരുതു്. 35 പ്രവൃത്തി ഇല്ലെങ്കിൽ ഇരുമ്പും തുരുമ്പു പിടിക്കും.

അഭ്യാസം 27

(ടീ തുടർച്ച)

1. കൃഷ്ണൻ കാലത്തെ എഴുന്നേറ്റു; പിന്നെ അവൻ കൈകാൽ കഴുകി പല്ലുതേച്ചു; പിന്നീടു കുളിച്ചു ഭസ്മം ധരിച്ചു; അനന്തരം അവൻ പള്ളിക്കൂടത്തിൽ പോയി അവൻ ഒരു നല്ല കുട്ടിയാകുന്നു.

2. നാം കല്ലും, മണ്ണും, മരവുംകൊണ്ടു വീടുകെട്ടുന്നു. തണുപ്പുള്ള ദേശങ്ങളിൽ കല്ലിനെക്കാൾ, മരം നല്ലതാകുന്നു. എന്നാൽ കല്ലുകൊണ്ടു പണിത വീടുകളിൽ തീ ഭയം കുറയും. ഈ രാജ്യത്തിൽ തെങ്ങോല, പനയോല, പുല്ല്, വയ്ക്കോൽ എന്നീ സാധനങ്ങൾകൊണ്ടു് അളുകൾ വീടുകളെ മേയുന്നു. പണമുള്ള അളുകൾ ഓടുകൊണ്ടു മേയുന്നു. ഓടു് അന്യസ്ഥലങ്ങളിൽനിന്നു വരുത്തിവരുന്നു; എന്നാൽ ഇപ്പോൾ ഇവിടേയും ഓടു് ഉണ്ടാക്കപ്പെടുന്നു. അപൂർവ്വം തകരംകൊണ്ടും വീടുമേയുന്നു.

3. മടിയൻ മല പുലക്കും പയ്യെത്തിന്നാൽ പനയും തിന്നാം; ആനയ്ക്കും അടി പിഴയ്ക്കും. ഈ പഴംചൊല്ലുകൾ എല്ലാം സത്യമല്ല. പട്ടിണികിടന്നെങ്കിലും പണം സമ്പാദിക്കണം. തിന്നുന്നവനേ വേല എടുക്കൂ. അഹങ്കരിച്ചാൽ മുഖം കറുക്കും. കഴിഞ്ഞ കാര്യത്തെക്കുറിച്ചു ഖേദിക്കൊല്ലാ. പോയ കാര്യം ആന വലിച്ചാലും വരാ. ഇന്നു ചെയ്യേണ്ടതിനെ നാളെ ആക്കരുതു്. നാളെ ആക്കിയാൽ അതു നീളെ പോകും.

4. ലോകത്തിൽ മൂന്നു വിധം ദ്രവ്യങ്ങളുണ്ടു്. ഇവ ഉറച്ച ദ്രവ്യങ്ങളും; ഒലിക്കുന്ന ദ്രവ്യങ്ങളും കാണ്മാൻ വഹിയാതവണ്ണം നേർമ്മയായ ദ്രവ്യങ്ങളും ആകുന്നു.

ഉറച്ച ദ്രവ്യങ്ങളെ മനുഷ്യർ "ഘനങ്ങൾ" എന്നു പറയുന്നു. ഒലിക്കുന്ന ദ്രവ്യങ്ങളെ "ദ്രവ്യങ്ങൾ" എന്നു പറയുന്നു. വായുപോലെ നേർമ്മയായ ദ്രവങ്ങളെ "ബാഷ്പങ്ങൾ" എന്നു പറയുന്നു. ഇതുകൂടാതെ ഘനങ്ങൾക്കും ദ്രവ്യങ്ങൾക്കും മദ്ധ്യമായ അവസ്ഥയിലും ചില ദ്രവ്യങ്ങൾ ഉണ്ട്

5. കനകംമൂലം കാമിനിമൂലം,
കലഹം ബഹുവിധമുലകിൽസുലഭം
അമൃതം ശശി പെയ്യുന്നു,
വിഷംകക്കുന്നു പന്നഗം
സജ്ജനം ഗുണമോതുന്നു,
ദുർജ്ജനം ദോഷവും തഥാ.

6. പൂവറുത്തു ധരിക്കാനായ്
കൈവയ്ക്കുന്ന മനുഷ്യനെ
ദുഷ്ടനാമഹി കൊത്തുന്നു
കഷ്ടം! ഹാ! ഖലകൌശലം.

7. പുല്ലു മൂടിയ കണ്ടികം
തെല്ലുമോക്കാതെ ചാടീടും.
കണ്ടുകണ്ടാലതിൽ പിന്നെ-
ച്ചാടുമോ ബുദ്ധിയുള്ളവൻ?

8. തെല്ലും കാരണമില്ലാതെ
കൊല്ലും കുമതി സാധുവെ.
വ്യാഘ്രമെന്തിനു കൊല്ലുന്നു
പൈക്കിടാവിനെ നിർദ്ദയം?

9. കായശുദ്ധി മനഃശുദ്ധി
ശുദ്ധി രണ്ടുവിധം സഖേ
കായശുദ്ധിയിലും ശ്രേഷ്ഠം
മനഃശുദ്ധിയസംശയം.

അദ്ധ്യായം ഏഴ്".

പദങ്ങളുടെ കൂട്ടുതൽ വിവരം.

1. നാമം.

24. വല്ലതിനേറയും പേരായുള്ള പദം 'നാമം' ആണെന്നു നാം കണ്ടുവല്ലോ. എന്നാൽ പേരു് 'ദ്രവ്യം' 'ഗുണം', 'ക്രിയ' ഈ മൂന്നിലുമേ ഉണ്ടായിരിപ്പാൻ വകയുള്ളൂ. ജീവനുള്ളതും ജീവനില്ലാത്തതും ആയ സകല വസ്തുക്കളും, സ്ഥലം, കാലം മുതലായതും ദ്രവ്യങ്ങളാകുന്നു. ആകയാൽ ഇവയുടെ പേരെല്ലാം നാമങ്ങളാകുന്നു. ഈ നാമങ്ങളെ ദ്രവ്യനാമം എന്നു പറയുന്നു. രാമൻ, കൃഷ്ണൻ, കല്ലു്, മരം, ആന, കുതിര, ഇൻഡ്യാ, തിരുവനന്തപുരം മുതലായവ ദ്രവ്യനാമങ്ങൾ ആകുന്നു.

ഒരു ഗുണം തനിച്ചു നിൽക്കുകയില്ല. ദ്രവ്യത്തെ ആശ്രയിച്ചേ ഇരിക്കൂ. എങ്കിലും അവയെ വേറായി മനസ്സുകൊണ്ടു ഗണിക്കാവുന്നതാണു്. ഇപ്രകാരമുള്ള ഗുണങ്ങളുടെ പേരിനെ ഗുണനാമം എന്നു പറയുന്നു. അഴകു്, കറുപ്പു്, വെളുപ്പു്, നന്മ, മിടുക്കു്, പൊക്കം, വിഡ്ഢിത്തം മുതലായവ ഗുണനാമങ്ങളാകുന്നു.

ക്രിയയുടെ പേരുകളായ പാടിപ്പു്, കളി, ഊണു്, ഉറക്കം, പോക്കു്, വരവു് മുതലായവയെ ക്രിയാനാമങ്ങൾ എന്നു പറയുന്നു.

25. ദ്രവ്യനാമങ്ങൾക്കു് ഉപപ്പിരിവുകൾ ഉണ്ടു്. ആളുകൾക്കോ, സ്ഥലങ്ങൾക്കോ, ജന്തുക്കൾക്കോ മറ്റോ കൊടുക്കുന്ന പ്രത്യേക പേരുകളെ സംജ്ഞകൾ എന്നും സംജ്ഞകളുള്ള പദങ്ങളെ സംജ്ഞാനാമങ്ങൾ എന്നും പറയുന്നു. രാമൻ, കൃഷ്ണൻ, കൊല്ലം, കോഴിക്കോടു്,

വലിയ ബാലകൃഷ്ണൻ (ഒരു ആനയുടെ പേരു്) ജിലർട്ടു് (ഒരു പട്ടിയുടെ പേരു്) ഇഷ്ടാന്തങ്ങളാകുന്നു.

'രാമൻ', 'കൃഷ്ണൻ', എന്നിങ്ങനെ ഒരാളിന്റെ പ്രത്യേക പേരായിരിക്കാതെ എല്ലാവക്കും ഒരുപോലെ ചേരുന്നതായ 'മനുഷ്യൻ', 'കൊല്ലം', 'കോഴിക്കോടു്' എന്നിങ്ങനെ പ്രത്യേക പേരുകളായിരിക്കാതെ അതുപോലുള്ള വലിയ സ്ഥലങ്ങൾക്കു പൊതുവെ പറയാവുന്നതായ 'പട്ടണം'—'കാവേരി', 'ഗംഗ' എന്നിങ്ങനെ ജലപ്രവാഹങ്ങളുടെ പ്രത്യേക പേരായിരിക്കാതെ അവയ്ക്കെല്ലാം പൊതുവെ പറയാവുന്ന 'നദി'—ആനജാതിയിൽപ്പെട്ട ഓരോന്നിനും പൊതുവെ പറയാവുന്ന 'ആന'—അപ്രകാരം ഒരു ജാതിക്കു പൊതുവേ പറയാവുന്ന 'വൃക്ഷം', 'ചെടി', 'പട്ടി', 'പൂച്ച', 'കതിർ' 'പക്ഷി', 'മൃഗം', 'ജന്തു'—എന്നിങ്ങനെയുള്ള എല്ലാ നാമങ്ങളേയും, 'സാമാന്യനാമം' എന്നു പറയുന്നു.

ഒരു ജാതിയിൽ ഉൾപ്പെട്ട പ്രത്യേകം വേർതിരിഞ്ഞതോ, വേർതിരിക്കാവുന്നതോ അല്ലാത്ത വെള്ളം, ആകാശം, മഴ, മഞ്ഞു്, പൊൻ, വെള്ളി, വെയിൽ, വെളിച്ചം, ഇരുട്ടു് എന്നിങ്ങനെയുള്ള നാമങ്ങളെ മേയനാമം എന്നു പറയുന്നു.

ദ്രവ്യങ്ങളുടെ ഒരു പിരിവായി വിചാരിക്കാവുന്ന സർവനാമത്തെപ്പറ്റി നാം പാടിച്ചുകഴിഞ്ഞിരിക്കുന്നു.

26. നാമങ്ങൾക്കു രൂപഭേദം ഉണ്ടാകാം. ഈ ഭേദം ലിംഗം, വചനം, വിഭക്തി ഈ മൂന്നിനെ അശ്രയിച്ചിരിക്കും.

'ലിംഗം' സ്ത്രീപുരുഷാദി ഭേദങ്ങളെ കുറിക്കുന്നു. പുരുഷനെ കുറിക്കുന്നതു പുല്ലിംഗവും സ്ത്രീയെ കുറിക്കുന്നതു സ്ത്രീലിംഗവും ആകുന്നു. സ്ത്രീപുരുഷഭേദം ഇല്ലാത്തതോ

ജീവനില്ലാത്തതോ ആയ വസ്തുക്കളുടെ നാമങ്ങൾ നപുംസകലിംഗം ആകുന്നു.

രാജാ, മണ്ണാൻ, കള്ളൻ, പുരുഷൻ—എന്നിവ പുല്ലിംഗനാമങ്ങളാകുന്നു.

രാജ്ഞി, മണ്ണാത്തി, കള്ളി, സ്ത്രീ—ഇവ അതതു പദങ്ങളുടെ സ്ത്രീലിംഗരൂപങ്ങളാകുന്നു.

തെരു, മോരു്, മരം, കല്ലു്, പക്ഷി, സത്യം, കള്ളം, ഗുണം, ദോഷം എന്നിവ നപുംസകലിംഗത്തിൽപെട്ട നാമങ്ങളാകുന്നു.

17. നാമങ്ങളെല്ലാം ഒരു് ഒറ്റ വസ്തുവിനെയോ അല്ലെങ്കിൽ ഒന്നിലധികം വസ്തുക്കളേയോ കുറിക്കാതെ കഴികയില്ല. ഈ ഭേദം അനുസരിച്ചു് ഒറ്റയായ വസ്തുക്കളെ കുറിക്കുന്ന നാമങ്ങളുടെ രൂപത്തെ ഏകവചനം എന്നും ഒന്നിലധികം വസ്തുക്കളെ കുറിക്കുന്നവയുടെ രൂപത്തെ ബഹുവചനം എന്നും പറയുന്നു.

പശു, ആടു്, പാത്രം, ഇല; തടി,—ഇവ ഏകവചനങ്ങളാകുന്നു.

പശുക്കൾ, ആടുകൾ, പാത്രങ്ങൾ, ഇലകൾ, തടികൾ—ഇവ ബഹുവചനങ്ങളാകുന്നു.

18. രാമൻ, രാമനെ, രാമനാൽ, രാമനോടു് രാമന്നു്, രാമന്റെ, രാമനിൽ എന്നങ്ങനെ മറ്റു പദങ്ങളുമായുള്ള സംബന്ധം കുറിക്കുന്നതിനു് ഒരു നാമത്തിൽ വരുത്തുന്ന രൂപഭേദങ്ങൾ (വിഭക്തി) കൊണ്ടുണ്ടാകുന്നവയാകുന്നു. ഈ ഭേദങ്ങൾ വരുത്താനായി ഒരു നാമത്തോടു ചേക്കുന്ന എ, ആൽ, ഓടു്, ഉടെ, ഇൽ എന്നീ പ്രത്യയങ്ങളെ (വിഭക്തി) എന്നു പറയുന്നു.

2. കൃതി

29. കൃതികൾക്കും പിരിവുകൾ ഉണ്ടു്. ഇവയിൽ പ്രധാനമായുള്ള സകർമ്മകം അകർമ്മകം എന്ന പിരിവു്

നാം കണ്ടുകഴിഞ്ഞു. മറവുള്ള പിരിവുകളിൽ സാരമായ ഒന്നുകൂടി ഇവിടെച്ചേർക്കാതെ നിവൃത്തിയില്ല. ഇതു് പ്രാധാന്യം സംബന്ധിച്ചതാകുന്നു. നാം ഇതുവരെ പ്രസ്താവിച്ച കൃതികളെല്ലാം മറെറാരു പദത്തെ ആശ്രയിക്കാതെ പ്രധാനമായി നിൽക്കുന്നവയാകുന്നു.

ഉദാ:—പോയി, വന്നു, ഉണ്ടു, നിന്നു, കണ്ടു, ഇരിക്കുന്നു, തുപ്പുന്നു, ഇരിക്കുന്നു, കാണും, ചെയ്യും, എന്നാൽ പോയ, വന്ന, കണ്ട, ചെയ്യുന്ന ഇത്യാദികളും മറു പദത്തെ ആശ്രയിച്ചു നിൽക്കുന്ന ക്രിയാരൂപങ്ങളും ആകുന്നു. ആദ്യം പറഞ്ഞതുപോലെ പ്രധാനമായി നിൽക്കുന്നവയെ മുറുവിനാ *എന്നു പറയുന്നു. മറു പദത്തെ ആശ്രയിച്ചു നിൽക്കുന്നവയെ പറുവിനാ എന്നു പറയുന്നു.

ഉണ്ണാൻ പോയി, ചെല്ലാൻ പറഞ്ഞു, ഉരുണ്ടു പോയി, തേച്ചു കുളിച്ചു എന്നിതുകളിലെ ചെറിയ അക്ഷരങ്ങളായ ആദ്യപദങ്ങളും പറുവിനകളാകുന്നു. പിന്നിൽ വരുന്നകൃതികളാണ്ടാണ് അവയുടെ അർത്ഥംപൂർണ്ണമാകുന്നുള്ളൂ.

20. നാമങ്ങൾക്കു രൂപഭേദങ്ങളും ഉള്ളതുപോലെ കൃതികൾക്കും രൂപഭേദമുണ്ടു്. ഇതിൽ ഏറവും പ്രധാനപ്പെട്ടതു് 'കാലത്തെ' സംബന്ധിച്ചുള്ളതാകുന്നു. കാലം വർത്തമാനം, ഭൂതം, ഭാവി എന്നിങ്ങനെ മൂന്നുണ്ടു്. വർത്തമാനം എന്നാൽ 'ഇപ്പോൾ നടക്കുന്നതു്' എന്നർത്ഥമാകുന്നു. 'ഉന്നു'വിൽ അവസാനിക്കുന്ന 'പറയുന്നു', 'ചെയ്യുന്നു', 'പോകുന്നു' എന്നിവ വർത്തമാനകാലത്തിലുള്ള കൃതികളാകുന്നു. ഭൂതം എന്നാൽ 'കഴിഞ്ഞു' എന്നർത്ഥമാകുന്നു. 'തു', 'ഇ' ഇതുകളിൽ അവസാനിക്കുന്ന 'തൊഴുതു',

---

*വിന=ക്രിയ അല്ലെങ്കിൽ കൃതി.
മുറുവിന=മുറിയ [പ്രധാനപ്പെട്ട] കിന (കൃതി
പറുവിന=പറിയ [ആശ്രയിച്ചുനിൽക്കുന്ന] (വിന.)

22343

'ചെയ്തു', 'തിന്നു', 'കണ്ടു', 'ചാടി', 'കോറി', 'കലങ്ങി' എന്നീ കൃതികൾ ഭൂതകാലത്തിൽ ഉള്ളവയാകുന്നു.

'ഭാവി' എന്നാൽ 'മേൽ വരുന്ന' എന്നർത്ഥമാകുന്നു. 'ഉദാ–'ൽ അവസാനിക്കുന്ന 'വരും' 'പോകും' 'കാണും', 'ചെയ്യും' എന്നിങ്ങനെയുള്ള കൃതികൾ ഭാവികാലത്തിൽ ഉള്ളവയാകുന്നു.

21. 'കാലം'. കൂടാതെ 'പ്രകാരം', 'പ്രയോഗം' എന്നിവകൂടി സംബന്ധിച്ചും കൃതികൾക്കു രൂപഭേദമുണ്ട്.

പ്രകാരം നാലുണ്ട്. 1. ഒരു കൃതിയുടെ അർത്ഥത്തെ സാധാരണമായി പറയുന്നതിനു് 'നിർദ്ദേശകം' എന്നു പറയുന്നു.

ഉദാ–. 1. കുട്ടികൾ കളിക്കുന്നു.
2. ഞാൻ രാമനെ കണ്ടു.
3. കൃഷ്ണൻ വരും.

(2) 'നിയോഗം' അല്ലെങ്കിൽ വരുത്തിയേ കുറിക്കുന്ന പ്രകാരത്തിനു നിയോജകം എന്നു പറയുന്നു.
ഉദാ–ം. പറയിൻ, വരുവിൻ, വാ, പോ, കാണട്ടെ, നടക്കട്ടെ, വരട്ടെ, നില്ക്കട്ടെ.

(3) വിധി, ശീലം, കൃത്യം എന്നീ അർത്ഥങ്ങളെ കാണിക്കുന്ന കൃതിരൂപത്തിനെ വിധായകപ്രകാരം എന്നു പറയുന്നു.

ഉദാ–. 1. എല്ലാവരും സത്യം പറയണം.
2. കുംഭകർണ്ണൻ സദാ ഉറങ്ങണം.
3. വേലക്കാർ സമയത്തു് ഹാജരാകണം.

(4) അനുജ്ഞയെ അല്ലെങ്കിൽ സമ്മതത്തെ കാണിക്കുന്ന കൃതിരൂപത്തിനു് അനുജ്ഞായകപ്രകാരം എന്നു പേർ പറയുന്നു. "ചെയ്യാം", "പോകാം", "കാണാം", "കേൾക്കാം", "പറയാം" എന്നിവ ദൃഷ്ടാന്തങ്ങളാകുന്നു

22. പ്രയോഗം രണ്ടുണ്ട്. ഇതു സകർമ്മകകൃതി–

DC Library
0002334 3
T55 R14

കർമ്മം മാത്രമുള്ള ഒരു വന്ധ്യ
സകർമ്മകക്രിയയുടെ കർത്ത
ആ പ്രയോഗത്തെ 'കർത്ത

ഉദാ-. 1. രാമൻ സീതയെ പോറ്റി.
2. കാളിദാസൻ ശാകുന്തളത്തെ നിർമ്മിച്ചു.
3. മാർക്കണ്ഡേയൻ ശിവനെ സ്തുതിച്ചു.

ഒരു സകർമ്മകക്രിയയുടെ കർമ്മത്തെ ആഖ്യയാക്കി പ്രയോഗിക്കുമ്പോൾ ആ പ്രയോഗത്തിനെ 'കർമ്മണി' പ്രയോഗം എന്നു പറയുന്നു.

ഉദാ-. 1. സീത രാമനാൽ പോറ്റപ്പെട്ടു.
2. ശാകുന്തളം കാളിദാസനാൽ നിർമ്മിക്കപ്പെട്ടു.
3. ശിവൻ മാർക്കണ്ഡേയനാൽ സ്തുതിക്കപ്പെട്ടു.

കർമ്മണിപ്രയോഗത്തിൽ 'പോറ്റുക', 'നിർമ്മിക്ക', 'സ്തുതിക്ക, എന്നിങ്ങനെയുള്ള ക്രിയാരൂപത്തോട്ട്', 'പെടുക' എന്ന രൂപം ക്രിയാകാലം അനുസരിച്ചു ചേർക്കപ്പെടുന്നു.

23. ഭേദകങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ പ്രധാന പിരിവുകളായ നാമവിശേഷണം, ക്രിയാവിശേഷണം, ഭേദകവിശേഷണം എന്നീ മൂന്നിനേയും പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ശേഷം സംഗതികൾ ഉപരിഗ്രന്ഥങ്ങളിൽ വിവരിക്കപ്പെടുന്നതാണു്.

24. ഗതി, ഘടകം, വ്യാക്ഷേപകം ഇവ ദ്യോതകശബ്ദങ്ങളാണെന്നു പറഞ്ഞുവല്ലോ ഇവയ്ക്കു രൂപഭേദമില്ല. ഇവയിൽ മിക്കതും നാമമോ, ക്രിയയോ ഉഷിച്ചുണ്ടായിട്ടുള്ളവയാകുന്നു. ഇപ്രകാരം വാചകം ഉഷിച്ചു് ദ്യോതകമായിത്തീർന്ന ശബ്ദങ്ങളെ 'അവ്യയം' എന്നു പറയുന്നു. അതു കൂടാതെ സ്വയമേ ദ്യോതകമായിട്ടുള്ള 'ഉം' 'ഓ' മുതലായവയ്ക്കു 'നിപാതം' എന്നും പേർ കൊടുത്തു് ഒരു ഭാഗം ചെയ്തിട്ടുണ്ടു്.
